


# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ   സെപ്റ്റംബർ 2024

ഗുരുനാഥൻ – ഒരു പുസ്തകം

അരുത് കാട്ടാളാ; ഇതൊരു മനുഷ്യനാണ്

മുനമ്പം – കടപ്പുറം പ്രദേശത്തെ പാവപ്പെട്ട ജനങ്ങളുടെ
റവന്യൂ അവകാശങ്ങൾ പുനസ്ഥാപിക്കണം : കോട്ടപ്പുറം രൂപത


Scan for Location
എറിയാട്
ഫാത്തിമ മാതാ ദൈവാലയത്തിൽ
പരിശുദ്ധ ഫാത്തിമ മാതാവിന്റെ
തിരുനാൾ
2024
ഒക്ടോബർ 9 മുതൽ 13 വരെ
നവനാൾ ദിനങ്ങൾ
സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 8 വരെ
എൽ റൂഹാ ധ്യാനം
ഒക്ടോബർ 2, 3, 4 തീയതികളിൽ
വൈകിട്ട് 5 മുതൽ 9 മണി വരെ
നയിക്കുന്നത് : ഫാദർ റാഫേൽ കൊക്കാടൻ CMI
(ഡയറക്ടർ, എൽ റൂഹ റിട്രീറ്റ് സെന്റർ, കടലുണ്ടി)



# മുഖമൊഴി

**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

# അധ്യാപനം ദൈവനിവേശിതമായ ഒരു ദൗത്യം

***'ജ്ഞാനിയായ ഒരുവനെ കണ്ടെത്തിയാൽ അവനെ സന്ദർശിക്കാൻ വൈകരുത്. നിന്റെ പാദങ്ങൾ അവന്റെ വാതിൽ പടി നിരന്തരം സന്ദർശിക്കട്ടെ'.***
(പ്രഭാ.6:36)

**സെപ്റ്റംബർ 5 : അധ്യാപകദിനം.** മനസ്സിൽ അക്ഷരവെളിച്ചം പകർന്നു തന്ന അധ്യാപകരെ ഓർമിച്ചെടുക്കാൻ ഒരു ദിനം. അധ്യാപനം '**God GIVEN DESTINY**' ആണെന്ന് വായിച്ചിട്ടുണ്ട്.

ഗുരുവിനെ ദൈവമായി കരുതുന്ന ഒരു സംസ്കാരത്തിന്റെ പിൻതുടർച്ചക്കാരാണ് നാമോരോരുത്തരും. **'ഗുരു' എന്ന വാക്കിനർത്ഥം 'ഇരുളകറ്റുന്ന ആൾ'** എന്നാണ്. വെളിച്ചത്തിന്റെ അസാന്നിധ്യമാണല്ലോ ഇരുട്ട്. അങ്ങനെയാവുമ്പോൾ 'ഗുരു'വിനർത്ഥം 'വെളിച്ചം പകരുന്നയാൾ' എന്നുതന്നെ.

ബാലചന്ദ്രൻ ചുള്ളിക്കാട് ഒരു കവിതയിൽ പ്രൈമറി സ്കൂൾ അധ്യാപകരെ കുറിച്ച് എഴുതിയത് ഇങ്ങനെയാണ്:

'ഗ്രാമത്തിനു വെളിയിൽ അവർ അറിയപ്പെടുന്നില്ല എങ്കിലും
നിത്യവും മുന്നിൽ വന്നിരിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ
ദൈവദീപ്തമായ കണ്ണുകൾ അവരെ ശുദ്ധീകരിച്ചുകൊണ്ടിരിക്കും.
വിശ്വപ്രസിദ്ധിയുടെയോ അനശ്വരതയുടെയോ
വ്യാമോഹങ്ങളും ഉത്കണ്ഠകളും ഇല്ലാതെ ഒരു ദിവസം
അവർ സംതൃപ്തിയോടെ ദൈവത്തിലേക്ക് പെൻഷൻ പറ്റും.'

കത്തോലിക്കാ സ്കൂളിൽനിന്നു പുറത്താക്കപ്പെട്ട കുട്ടിയെ പിഞ്ചെന്ന് സ്കൂളിൽ എത്തിയ ഫുൾട്ടൺ ജെ. ഷീൻ കടുകട്ടിക്കാരായ പ്രധാനാധ്യാപകനോടും ടീച്ചറോടും പറഞ്ഞു: "**പണ്ട് ശ്രദ്ധയില്ലാത്തതിന്റെ പേരിൽ ഇറ്റലിയിൽ ഒരു പയ്യനെ സ്കൂളിൽനിന്നു പുറത്താക്കി. അവൻ മുസ്സോളിനിയായി വളർന്നു. അശ്ലീല ഗ്രന്ഥം വായിച്ചതിന് റഷ്യയിൽ ഒരാളെ ക്ലാസ്സിനു പുറത്താക്കി, അവൻ സ്റ്റാലിൻ ആയി മാറി. ടീച്ചറെ ധിക്കരിച്ചതിന് പുറത്താക്കപ്പെട്ട ജർമ്മൻകാരൻ പയ്യൻ പിന്നീട് ലോകത്തെ വിറപ്പിച്ച ഹിറ്റ്ലറായി...** ഇനിയും ഹിറ്റ്ലർമാരെയും മുസ്സോളനിയെയും സ്റ്റാലിനെയും വേണമെങ്കിൽ കുട്ടികളെ ശിക്ഷിച്ച് ക്ലാസ്സിനു വെളിയിലെറിഞ്ഞുകൊള്ളൂ."

ഷീൻ രക്ഷിച്ചെടുത്ത കുട്ടി പിന്നീട് ഒരു വൈദികനായത് ചരിത്രം.

തങ്ങളുടെ മുൻപിലേക്ക് കടന്നുവരുന്ന എല്ലാ കുഞ്ഞുങ്ങളും കഴിവുകൾ കൊണ്ട് ഒരു പോലെയല്ല എന്ന ബോധ്യമുണ്ടെങ്കിലും ഓരോ കുഞ്ഞിനേയും വേർതിരിവുകൾ ഇല്ലാതെ സ്വന്തം കുഞ്ഞായി അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചു കൊണ്ടു പോയി ജീവിതത്തിന്റെ വിജയ പടവുകളിലേക്ക് എത്തിക്കുന്ന ഗുരുക്കന്മാർക്ക് എങ്ങനെയാണ് വാക്കുകൾ കൊണ്ടാണ് നന്ദി പറയുക.? അവരെ ഓർക്കുമ്പോൾ മനസ്സിൽ ആവർത്തിച്ചു മന്ത്രിക്കും **'അധ്യാപനം ദൈവനിവേശിതമായ ഒരു ദൗത്യം'** തന്നെ എന്ന്.

പാഠപുസ്തകത്തിലെ അറിവുകൾ അവസാന വാക്കല്ല എന്ന് വെളിച്ചം കിട്ടിയ ഗുരുക്കന്മാർക്കുള്ള സ്മൃതിപൂജയാണിത്. ഒപ്പം ദൈവനിവേശിതമായ അധ്യാപന കർമ്മത്തിലേക്കു ക്ഷണം കിട്ടിയവരെക്കുറിച്ചുള്ള സ്വപ്നങ്ങളും.

നമ്മുടെ മതാധ്യാപകരെ പ്രാർത്ഥനയോടു കൂടെ നമുക്ക് ഓർക്കാം. പ്രതിഫലം ഒന്നും മോഹിക്കാതെ വേലചെയ്തു ഒരുനാൾ ദൈവത്തിന്റെ പെൻഷൻ മാത്രം ആഗ്രഹിക്കുന്ന മതാധ്യാപകർ. ദൈവീക ജീവനുമായി ബന്ധപ്പെട്ട അറിവുകൾ പകർന്നുകൊടുക്കുന്ന ഗുരുക്കന്മാരെ കൊണ്ട് ഈ ഭൂമി നിറയട്ടെ.

**പകർന്നു നൽകിയ അറിവുകൾക്ക്, കണ്ണുകളിൽ വിശ്വാസ സ്നേഹത്തിന്റെ അഞ്ജനം എഴുതി എന്നിൽ നിന്ന് അപരനിലേക്കുള്ള ദൂരം കുറച്ചതിന്, എല്ലാറ്റിനും ഉപരി ഇടറി പോകേണ്ടിയിരുന്ന ചുവടുകൾ ബലപ്പെടുത്തി നേർവഴിയെ നയിച്ചതിന്...**

**പ്രിയ അധ്യാപകരെ നന്ദി...**



## വൈദീക പരിശീലന ഫണ്ട്

പ്രിയമുള്ളവരെ,

നീണ്ട 13 വർഷത്തെ സെമിനാരി രൂപീകരണ-പരിശീലനത്തിലൂടെയാണ് ഒരു വ്യക്തി വൈദീകനായി അഭിഷിക്തനാകുന്നത്. രൂപതയെ സംബന്ധിച്ച് വലിയൊരു സാമ്പത്തിക ചെലവ് വൈദീക പരിശീലനത്തിനു വേണ്ടിവരുന്നുണ്ട്. വിദേശ സഹായം കുറഞ്ഞുവരുന്ന ഈ കാലയളവിൽ കഴിയാവുന്ന വിധത്തിൽ സാമ്പത്തികമായി സഹായിച്ച് രൂപതയ്ക്ക് കൈത്താങ്ങാകേണ്ടത് നമ്മൾ ഓരോരുത്തരും ആണ്. ഒരു വൈദീകാർത്ഥിക്ക് ഒരു വർഷം വേണ്ടിവരുന്ന ചെലവ് 65,000 രൂപയാണ്. നിങ്ങളുടെ ത്യാഗപൂർണ്ണമായ സാമ്പത്തിക സഹായം വഴി നമ്മുടെ വൈദീക വിദ്യാർത്ഥികളുടെ രൂപീകരണത്തിൽ പങ്കാളികളാകുവാൻ നിങ്ങളോട് ഞാൻ പ്രാർത്ഥനാപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപത മെത്രാൻ

**വൈദീക വിദ്യാർത്ഥികളുടെ രൂപീകരണ ഫണ്ടിലേക്ക് സ്പോൺസർ ചെയ്യാൻ ആഗ്രഹി ക്കുന്നവർ മൈനർ സെമിനാരി റെക്ടറുമായി ബന്ധപെടുക:**
**റവ. ഫാ. തോമസ് കോളരിക്കൽ (റെക്ടർ)- 95395 53050**



*അവൻ ഉപാധ്യായൻമാരുടെ ഇടയിലിരുന്ന്, അവർ പറയുന്നതു കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു.*
ലൂക്കാ 2 : 46

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ സെപ്റ്റംബർ 2024

**രക്ഷാധികാരി**
റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**
ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**
ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ
ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**
ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**
ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**
ഫാ. ലിജോ മാത്യു താണിപ്പിള്ളി
ശ്രീ. സിപ്പി പള്ളിപ്പുറം
ശ്രീ. ജോയ് ഗോതുരുത്ത്
ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**
ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 0480 2807678
didimoskottapuram@gmail.com

## താളുകളിൽ

*പൈതൃകാമുഖം*
**ഗുരുനാഥൻ – ഒരു പുസ്തകം** .......... 5
**ആശ്വാസം** .......... 6
**അരുത് കാട്ടാളാ; ഇതൊരു മനുഷ്യനാണ്** .......... 7
**വിഴിഞ്ഞം ചിന്തകൾ** .......... 8
**സെപ്തംബർ 5 അദ്ധ്യാപക ദിനം** .......... 9
**മുനമ്പം – കടപ്പുറം** .......... 11
**ലോഗോസ് പരീക്ഷയിലേക്ക് നടന്നടുക്കാം** .......... 13

*കറുപ്പ്*
**ദേവദൂതൻ : കാലം പറയുന്നത് എന്ത്?** .......... 15

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*
**കത്തോലിക്ക സഭയുടെ മതബോധന ഗ്രന്ഥം (CCC)** ..... 17

*അയൽക്കൂട്ടം*
**വിശുദ്ധ വഴിയിലെ തീർത്ഥാടകയായ സഭ** .......... 18
**സ്വർഗ്ഗീയ സംഗീത സംഗമം മത്സരഫലം** .......... 20
**ബലി വേദിയിൽ** .......... 26
**രൂപത വാർത്തകൾ** .......... 19
**വയനാട് ദുരിതാശ്വാസ ഫണ്ട്** .......... 27

*പിൻമൊഴി*
**മങ്ങുന്ന, മായുന്ന നക്ഷത്രത്തിളക്കം** .......... 28



## NEW APPOINTMENTS- AUGUST, 2024

| | | |
|---|---|---|
| 1 | Rev. Fr. Sinto Kuriyaparambil | Asst. Vicar, Our Lady of Snow Basilica, Pallipuram |
| 2 | Rev. Fr. Nivin Kalarithara | Asst. Vicar, St Sebastian's Church, Gothuruth |
| 3 | Rev. Fr. Vipin Sebastian Muthalamparambil | Asst. Vicar, Little Flower Church, Koottukad |
| 4 | Rev. Fr. Anish Joseph Puthenparambil | Asst. Vicar, St. Joseph's Church, Mathilakam |
| 5 | Rev. Fr. Tony Philip Pinheiro Cheenickaparambil | Asst. Vicar, St. Sebastian's Church, Kottuvally |
| 6 | Rev. Fr. Ajay Kaithathara | Secretary |
| 7 | Rev. Fr. Vinu Peter Padamattummal | Asst. Vicar, Mount Carmel Church, Kara |
| 8 | Rev. Fr. Rexon Panketh OSJ | Asst. Vicar, St. Xavier's Church, Sampaloor |
| 9 | Rev. Fr. Sigil Xavier Muttikkal | Director, Theology Commission |
| 10 | Rev. Fr. Tony Kaithathara | Director, Bible Apostolate |
| 11 | Religious priest | Asst. Vicar, St. Michael's Cathedral, Kottapuram |
| 12 | Rev. Fr. Shibin Kooliyath | PRO |
| 13 | Rev. Fr. John Paul Kurisinkal SSC | Vicar, Cottolengo Church, North Paravur |
| 14 | Rev. Fr. Antus Puthenveettil | Director, Charismatic Movement |
| 15 | Rev. Fr. Antony Rexon Pinto | Relieved from Vicar, Cottolengo Church |
| 16 | Rev. Fr. Anton Joseph Elanjikkal | Higher studies, Leuven, Belgium |
| 17 | Rev. Fr. Jinto Antony Valiyaveettil | Pastoral Ministry, Macerata, Italy |
| 18 | Rev. Fr. Lijo Mathews Thanippilly | Priest-incharge, St. Sebastian's Church, V.P. Thuruth, (Kottapuram) |







# ഗുരുനാഥൻ ; ഒരു പുസ്തകം

**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**സെ**പ്തംബർ മാസം കടന്നുവരുമ്പോൾ അദ്ധ്യാപകരെ ഓർക്കാതെ, ഗുരുദക്ഷിണ നൽകാതെ കടന്നുപോകുന്നത് അനുചിതമെന്നു കരുതുന്നു. ക്രൈസ്തവരെ സംബന്ധിച്ച് ഏറ്റവും വലിയ ഗുരുനാഥൻ യേശുവാണ്. മത്തായിയുടെ സുവിശേഷം 11-ാം അദ്ധ്യായത്തിൽ **"ഞാൻ ശാന്തശീലനും വിനീതഹൃദയനുമായതിനാൽ എന്നിൽ നിന്നും പഠിക്കുക"** (മത്താ 11:28 -30) എന്നാണ് പറയുന്നത്. ഫ്രാൻസിസ് പാപ്പ വരെയുള്ള എല്ലാ പാപ്പമാരും വത്തിക്കാന്റെ ഡോക്യുമെന്റുകളും നമ്മെ ഓർമ്മപ്പെടുത്തുന്നത് അദ്ധ്യാപകർ തന്നെ ഒരു പുസ്തകമായി ത്തീരണമെന്നാണ് (E-N 41) അദ്ധ്യാപനത്തിൻ എത്രമാത്രം പ്രാധാന്യമുണ്ടെന്ന് നമ്മെ എല്ലാവരേയും ഓർമ്മപ്പെടുത്തുകയാണ് ഈ വാക്കുകൾ വഴി.

ഇന്ന് അദ്ധ്യാപകരെ സംബന്ധിച്ച് പാഠവും പഠിപ്പിക്കലും ഒരേസമയം നിർവ്വഹിക്കുകയെന്നത് വളരെ ശ്രമകരമായ കാര്യമാണ്. മൂല്യങ്ങൾ പറഞ്ഞു കൊടുക്കേണ്ടതല്ല, ജീവിച്ചു കാണിക്കേണ്ടതാണെന്ന ബോധ്യം എത്ര പേരിൽ യഥാർത്ഥത്തിൽ അങ്കുരിച്ചിട്ടുണ്ട്. ഒരു മത്സരതുല്യമായ വിദ്യാഭ്യാസ അദ്ധ്യാപന കാലഘട്ടത്തിൽ പിടിച്ചുനിൽക്കുവാൻ വേണ്ടി മൂല്യങ്ങളുടെ വേരിനുവരെ കോടാലി വയ്ക്കുവാൻ മടിയില്ലാത്ത ഒരു സംസ്കാരം നമ്മുടെയിടയിൽ നാമറിയാതെ തന്നെ ബലപ്പെടുന്നുണ്ട്.

**എനിക്കെന്തു കിട്ടും എന്നതിൽ നിന്നും എനിക്കെന്തു കൊടുക്കുവാൻ സാധിക്കുമെന്ന് ചിന്തിക്കുന്ന വലിയ വളർച്ച ഉണ്ടാകണമെങ്കിൽ മദർ തെരേസ പറഞ്ഞതുപോലെ, ജീവിച്ചതുപോലെ മുറിച്ചുകൊടുക്കുമ്പോൾ ഇരട്ടിയാകുന്നതാണ് സ്നേഹം എന്ന തിരിച്ചറിവുണ്ടാവണം.** ഞാൻ എഴുതുമ്പോൾ എന്റെ ജീവൻ അവിടെ നൽകപ്പെടുന്നു. ഞാൻ പഠിപ്പിക്കുമ്പോൾ എന്നെത്തന്നെയാണ് ഞാൻ സമർപ്പിക്കുന്നത് : ഈ അർപ്പണബോധമാണ് അദ്ധ്യാപകരെ സംബന്ധിച്ച് ഏറ്റവും വിലപിടിച്ച നിധി. അദ്ധ്യാപന ജീവിതത്തിൽ

ഈ നിധി നഷ്ടപ്പെടുത്താതെ ജീവിക്കുവാൻ എല്ലാ അദ്ധ്യാപകർക്കും കഴിയട്ടെയെന്ന് ആശംസിക്കുന്നു. ഒരു വിദ്യാർത്ഥി(നി)യും പൂർണ്ണതയിലുള്ളതല്ല. അതുപോലെ ഓരോ അദ്ധ്യാപകനും അദ്ധ്യാപികയും. **നമ്മുടെ എല്ലാവരുടെയും ലക്ഷ്യം സ്വർഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ (മത്തായി 5 : 48) ആ പരിപൂർണ്ണതയിലേക്കു വളരുവാൻ ക്ഷണിക്കപ്പെട്ടവരെന്ന നിലയിൽ ജീവിക്കുകയെന്നതാണ്.** മൂല്യബോധമുള്ള, കർമ്മധീരരായ, ദേശസ്നേഹികളായ ദൈവഭയമുള്ള മക്കൾക്കായി നമ്മുടെ എല്ലാ മക്കളെയും രൂപാന്തരപ്പെടുത്തുവാൻ നിങ്ങൾക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു. അദ്ധ്യാപക ദിനത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു. ■

**കവിത**



# ആശ്വാസം



**മിനി ടോമി**
സെന്റ് ജോർജ് ചർച്ച്,
മടപ്ലാതുരുത്ത്

**നി**ൻ ആണി പഴുതുള്ള കൈപ്പത്തിക്കു
താഴെ ഞാൻ കുനിഞ്ഞു നിന്നിടുമ്പോൾ
എത്രയോ ആശ്വാസം എന്റെ ഹൃത്തിൽ
ഒരിടത്തുപോലും തിരഞ്ഞാൽ ലഭിക്കില്ല
ഇതുപോലൊരു സ്നേഹത്തണൽ
ഒരു കുളിർ കാറ്റിനു പോലും
നൽകുവാൻ ആകില്ല
ഈ ചിറകടി തൻ ആശ്വാസം

ലൗകിക മോഹത്തിൻ നിറവിൽ
നിറഞ്ഞാടിയാലും
സമ്പത്ത് ധാരാളം കിട്ടിയാലും
അംഗീകാരവും അധികാരവും
മോഹങ്ങൾക്കു മീതെ ഉയർന്നാലും
എന്റെ ഹൃദയത്തിൻ കാവലായിരിക്കും
കർത്തനേ ഞാൻ മറന്നാലും
എന്നെ എന്നും കാത്തു കരുതലായി
നിൽക്കും കർത്തൃസ്നേഹം

ആർഭാട – അലങ്കാരമെല്ലാം ഒതുക്കി
എന്നിലേക്ക് ഒന്നു തിരിയുന്ന നേരം
ഞാനറിയുന്നു
കൈനീട്ടി പെരുവെള്ളത്തിൽ നിന്ന്
കരകയറ്റിയ നാഥൻ
എന്നെ ഉയർന്ന പാറയിൽ
നിർത്തിയപ്പോൾ
എന്നിൽ ആശ്വാസ-നിശ്വാസമായി
ചേരുന്ന നേരം
ഒരു ലോക സുഖത്തിലും കിട്ടാത്ത
ആശ്വാസം തിരിച്ചറിയുന്നു ഞാൻ
ആണി പഴുതുള്ള കരത്തിൻ താഴെ
നന്ദി നിറയും ഹൃദയത്തോടെ എന്നും
കൂപ്പു കൈയ്യുമായ്.... ഞാൻ

*ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യൻമാരുടെ പാദങ്ങൾ കഴുകാനും*
*അരയിൽ ചുറ്റിയിരുന്നതൂവാലകൊണ്ടു തുടയ്ക്കാനും തുടങ്ങി.*
യോഹന്നാൻ 13 : 5



# അരുത് കാട്ടാളാ ! ഇതൊരു മനുഷ്യനാണ്



ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

**കൊ**ൽക്കത്തയിലെ **R G Kar മെഡിക്കൽ കോളേജിൽ** ഒരു വനിത പി.ജി ഡോക്ടർ ബലാത്സംഗം ചെയ്യപ്പെട്ട് കൊലചെയ്യപ്പെട്ടത് ഇന്ത്യയുടെ മനഃസ്സാക്ഷിയെ ഞെട്ടിച്ച സംഭവമായിരുന്നു. തുടർന്ന് പതിവുപോലെ സമരങ്ങളും അതിനെക്കുറിച്ച് ചർച്ചകളും ഭാരതത്തിലെമ്പാടും രൂപപ്പെടുകയുണ്ടായി. കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുവാനും മാതൃകാപരമായി ശിക്ഷിക്കുവാനുമൊക്കെയുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായി. ഇതിനു മുൻപും പല സ്ത്രീകളും ഇതേ രീതിയിൽ ആക്രമിക്കപ്പെട്ടപ്പോഴും കൊല ചെയ്യപ്പെട്ടപ്പോഴും ഉണ്ടായിരുന്ന സമീപന രീതികൾ തന്നെയാണ് ഇപ്പോഴും ഉണ്ടായിരിക്കുന്നത്. **പ്രതികൾ ശിക്ഷിക്കപ്പെടുന്നത് മാത്രമാണ് ഇതിനൊരു പ്രതിവിധിയായി നടപടികൾ ഉണ്ടായിട്ടുള്ളത്. എന്നാൽ സംഭവങ്ങളിലെ പ്രതികൾ ശിക്ഷിക്കപ്പെടുന്നത് പോലെ തന്നെ പ്രാധാന്യമുള്ളതാണ് ഇത്തരത്തിലുള്ള സാഹചര്യങ്ങൾ മാറ്റപ്പെടേണ്ടതും.**

എന്തുകൊണ്ടാണ് സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുന്നത് എന്ന ചോദ്യം ഇന്നത്തെ നമ്മുടെ സാമൂഹിക അന്തരീക്ഷത്തിൽ പ്രസക്തമാകുന്നത് അതുകൊണ്ടാണ്. ഈ ചോദ്യത്തിന്റെ ഉത്തരമായി അവതരിപ്പിക്കുവാനുള്ള ഒരു പുസ്തകമാണ് **സൂസൻ ബ്രൗൺ മില്ലറിന്റെ Against Our Will : Men, Women and Rape എന്ന പുസ്തകം**. 1975 ലാണ് ഈ പുസ്തകം പുറത്തിറങ്ങിയത്. 12 അധ്യായങ്ങളിലായി 448 പേജുള്ള ഈ പുസ്തകം അന്നുവരെയും സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുന്നതിന്റെ കാരണമന്വേഷിച്ച് പുറത്തിറങ്ങിയിട്ടുള്ള എല്ലാ പുസ്തകങ്ങളെയും പഠനങ്ങളെയും അപ്രസക്തമാക്കുന്ന പുതിയ കാഴ്ചപ്പാടുകളാണ് അവതരിപ്പിച്ചത്.

**Richard von Krafft-Ebing, Sigmund Freud, Karl Marx and Friedrich Engels** തുടങ്ങിയ മനഃശാസ്ത്ര, സാമൂഹിക, സാമ്പത്തിക ചിന്തകരുടെ അന്നുവരെ ബലാത്സംഗത്തെക്കുറിച്ച് നിലനിന്നിരുന്ന ചിന്തകളെയും പഠനങ്ങളെയും വിമർശന വിധേയമാക്കുകയും പുതിയൊരു ചിന്താപദ്ധതി അവതരിപ്പിക്കുകയും ചെയ്തു. ഇതുതന്നെയാണ് ഈ പുസ്തകത്തിന്റെ പ്രസക്തിയും.

**സൂസൻ ബൗൺ മില്ലർ ബലാത്സംഗത്തെ നിർവ്വചിക്കുന്നത് "സ്ത്രീയെ ഭയപ്പെടുത്തി തന്റെ കീഴിലാക്കാനുള്ള പുരുഷാധിപത്യത്തിന്റെ മനോഭാവമല്ലാതെ മറ്റൊന്നുമല്ല."** ഇന്ത്യയിൽ നടന്നിട്ടുള്ള കൂട്ടബലാത്സംഗങ്ങളെക്കുറിച്ചുള്ള നിരവധി പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്. അതിലൊന്നാണ് 2002 ലെ ഗുജറാത്ത് കലാപം. ഔദ്യോഗിക കണക്കനുസരിച്ച് 1044 പേർ മരിക്കുകയും 223 പേരെ കാണാതാവുകയും 2500 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതിൽ 790 പേർ മുസ്ലീംങ്ങളായിരുന്നു. 254 പേർ ഹിന്ദുക്കളായിരുന്നു. ഈ കലാപ സമയത്ത് നിരവധി സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുകയുണ്ടായി. ഇതിൽ ശ്രദ്ധേയമായ കാര്യം ഹൈന്ദവകാരികളായ കലാപകാരികൾ എതിർവിഭാഗത്തിലുള്ള പുരുഷന്മാരെ കൊലചെയ്യുമ്പോഴും മുസ്ലീങ്ങളായ സ്ത്രീകളെ തിരഞ്ഞുപിടിച്ച് ബലാത്സംഗം ചെയ്യുകയാണ് ഉണ്ടായത്. ഇതിലൂടെ എതിർവിഭാഗത്തിലുള്ള പുരുഷന്മാരുടെ മനോവീര്യം തകർക്കുക എന്ന ലക്ഷ്യം കൂടി ഇത്തരം പ്രവർത്തനങ്ങളിൽ ഉണ്ടായിരുന്നുവെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. യുദ്ധങ്ങളിലും കലാപങ്ങളിലുമൊക്കെ പട്ടാളവും കലാപകാരികളും വളരെ ആസൂത്രണത്തോടെ നടത്തിവരുന്ന അധികാരത്തിന്റെ വിന്യാസമാണ് ബലാത്സംഗങ്ങളിലൂടെ നടപ്പിലാക്കപ്പെടുന്നത്. ■

**കവിത**



# വിഴിഞ്ഞം ചിന്തകൾ

**അഗസ്റ്റിൻ പനച്ചിക്കൽ**
കോട്ടപ്പുറം

**ഉ**ണരുക പുലരികൾ
വിരിയുകയായ്
വിഴിഞ്ഞം തുറമുഖം
ഉണരുകയായ്
കാണുക; നീളെ കൊടികൾ
പറക്കുകയാണ്
കേൾക്കുക; വാഴ്ത്തലുകൾ
പിതൃത്വ അവകാശ കഥകൾ
നാടിൻ നായകർ പാടും
നേട്ടം കാട്ടിയ കഥകൾ
ഓർക്കുക; കരളലിയും കടലിൻ
മക്കളുടെ കണ്ണീർ കഥകൾ
വീടില്ലാത്തവർ, തൊഴിലില്ലാത്തവർ
കുടിലു പുലർത്താൻ കടലിൽ പോയവർ
മുതലപ്പൊഴിയിൽ
പൊഴിയും കഥകൾ
നാടിനഭിമാനമായ്
സാൻഫെർണാണ്ടോ
അമ്മക്കപ്പലടുക്കുമ്പോൾ
വികസനസ്വപ്നം വാഴ്ത്തി-
ലാഭക്കഥകൾ; കൊതികൾ നീട്ടി
ഊറ്റം കൊള്ളുമ്പോൾ
ഓർക്കുക; കണ്ണീർ തോരാ
മിഴികളുമായ്
കനവുകൾ കൊഴിഞ്ഞോ-
രുൾത്തടമോടെയെരിയും
മനസ്സുകളിവിടുണ്ടെന്നും
അവരുടെ ദുഃഖസ്മൃതികളിലാണി
കപ്പൽ കടവുകളെന്നും
അവരുടെ വീടുകളിനിയും
പെരുവഴിയെന്നും
എങ്കിലും; അമ്മനാടിനായി
അമ്മക്കപ്പലിനെ വരവേൽക്കാം
പുണ്യപൂർവ്വികർതൻ ത്യാഗ-
സ്മൃതികൾ പ്രണമിക്കാം
ജയിക്കട്ടെ ഭാരതാംബ...!
ഭവിക്കട്ടെ മംഗളങ്ങൾ
പിറക്കട്ടെ പുതുപുലരികൾ...!



ഞാൻ നല്ല ഇടയനാണ്.
നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു.
യോഹന്നാൻ 10 : 11



സെപ്തംബർ

05

# അദ്ധ്യാപക ദിനം



**അലക്സ് താളൂപ്പാടത്ത്**


> **'ഒരു വിദ്യാർത്ഥിക്ക് കിട്ടാവുന്ന ഏറ്റവും വലിയ പാഠപുസ്തകം ആണ് ഒരു നല്ല അധ്യപകൻ.'**
>
> *- മഹാത്മാഗാന്ധി*

**സെ**പ്തംബർ 5 'ദേശീയ അധ്യാപക ദിനം' നല്ല പാഠങ്ങളും അനുഭവങ്ങളും ഓർമ്മകളും പ്രതീക്ഷ നൽകിയുള്ള കരുതലും നൽകിയ എല്ലാ പ്രിയപ്പെട്ട അദ്ധ്യാപകർക്കും എല്ലാവിധ ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു. **മുൻ രാഷ്ട്രപതിയായിരുന്ന ഡോക്ടർ സർവേപ്പിള്ളി രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്തംബർ 5 ന് ആണ് അധ്യാപക ദിനമായി ആചരിക്കുന്നത്.** സംസ്കാരങ്ങൾ തമ്മിലുള്ള പാലങ്ങൾ പണിയുന്നത് *'പുസ്തകം'* എന്ന മാധ്യമങ്ങളിലൂടെയാണെന്നാണ് ഡോക്ടർ രാധാകൃഷ്ണൻ പറഞ്ഞുവെച്ചിട്ടുണ്ട്. 'പുസ്തകത്താളുകളിൽ നിന്നും അക്ഷരമെന്ന വെളിച്ചത്തെ മനസ്സിലേക്ക് ജീവിതത്തിലേക്ക് സന്നിവേശിപ്പിക്കുന്ന അദ്ധ്യപകൻ ഈശ്വര തുല്യനാണ്. അതുകൊണ്ടാണ് തന്റെ അടുത്ത് ദൈവവും ഗുരുവും ഒരുമിച്ച് വന്നാൽ ആദ്യം വണങ്ങുന്നത് ഗുരുവിനെയായിരിക്കും അതിനുശേഷമേ ദൈവത്തെ വണങ്ങുകയുള്ളൂ.'

കാരണം ദൈവത്തെപ്പറ്റി പറഞ്ഞു പഠിപ്പിച്ചിട്ടുള്ളത് ഗുരുവാണ് എന്ന് കവി കബീർ ദാസ്. താൻ അറിഞ്ഞ ദൈവത്തെ അക്ഷരങ്ങളിലൂടെ കുട്ടികളിലേക്ക് പകർന്നു നൽകുന്ന വെളിച്ചമാണ് ഓരോ അധ്യപകരും. അന്ധകാരത്തിന്റെ തീരത്തു നിന്ന് കൈ പിടിച്ചുയർത്തുന്നവരാണ് അവർ. പ്രത്യാശയെ പ്രചോദിപ്പിക്കാൻ, ഭാവനയെ ജ്വലിപ്പിക്കുവാൻ പഠന സ്നേഹം വളർത്താനും ഒരു നല്ല അധ്യാപകനു കഴിയും (ബ്രാഡ് ഹെൻറി). അധ്യാപകർ എന്നീ പദം കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഉദിക്കുന്നത് അറിവിന്റെ പ്രവാഹം തുറന്നിടുന്ന ദീപസ്തംഭങ്ങളാണ്. അവർ അധ്യാപകർ മാത്രമല്ല, മറിച്ച് നമ്മുടെ ജീവിതത്തിന്റെ രൂപകർത്താക്കളും കൂടിയാണ്. അവരുടെ അനായാസമായ ഉപദേശങ്ങളും മാതൃകാപരമായ ജീവിതവും നമ്മെ ശരിയായ വഴിയിലേക്ക് നയിക്കുന്നു.

ഉത്തരം പറഞ്ഞാൽ തരാമെന്ന് പറഞ്ഞ് ഒരു ചെറിയ ചോക്ക് പൊട്ടിനെ അത്രയേറെ മൂല്യമുള്ളതാക്കി മാറ്റിയ മാന്ത്രികരാണ് അധ്യാപകർ. അധ്യാപകർ കുട്ടികൾക്ക് ജീവിതത്തിൽ മാതൃകയാണ്. അവരുടെ വാക്കുകളും പ്രവർത്തികളും കുട്ടികളെ സ്വാധീനിക്കാറുണ്ട്. അതുകൊണ്ടാണ് എത്ര ഉയരങ്ങളിൽ എത്തിയാലും ചില അധ്യാപകർ കുട്ടികളുടെ മന

സ്സിൽ ഇടം പിടിക്കുന്നത്. ഒരിക്കൽ 20 വർഷത്തിനു മുൻപ് ഞാനും ടീച്ചറായ എന്റെ ഭാര്യ ഡിലറ്റും കൂടി കൊടുങ്ങല്ലൂരിലെ ഒരു തീയറ്ററിൽ ഇരുന്ന് സിനിമ കാണുകയായിരുന്നു. ഇടവേള സമയത്ത് ഒരു ചെറുപ്പക്കാരൻ എന്റെ ഭാര്യയുടെ അടുത്ത് വന്നു കാൽതൊട്ടു വന്ദിക്കുന്നു. ടീച്ചറിനു ആളെ മനസ്സിലായില്ല. ആരാണെന്ന് ചോദിച്ചു, "ഞാൻ കൃഷ്ണകുമാർ എൻജിനീയറാണ് അരിപ്പാലത്ത് വച്ച് മൂന്നാം ക്ലാസിൽ ടീച്ചർ എന്നെ പഠിപ്പിച്ചിട്ടുണ്ട്." ആ സമയം ടീച്ചറിന്റെ മുഖത്തു കണ്ട സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു. എല്ലാ പ്രിയപ്പെട്ട അദ്ധ്യപകർക്കും വ്യത്യസ്തമായ ഒത്തിരിയേറെ അനുഭവങ്ങൾ പങ്കുവെക്കാനുണ്ടാകും. ഏതൊരു തൊഴിലിനെക്കാളും മനസ്സിനെ സംതൃപ്തിയും ആത്മാഭിമാനവും നൽകുന്ന ഒന്നാണ് അധ്യാപനം.



പ്രാചീനകാലത്ത് ഗുരുകുല സമ്പ്രദായമാണ് നിലനിന്നിരുന്നത്. സർവ്വജ്ഞനായ ഗുരുവിന്റെ ആശ്രമത്തിൽ നിരവധി വർഷങ്ങൾ താമസിച്ചു ശിഷ്യൻ ധാർമിക വിദ്യാഭ്യാസം നേടി തിരികെ പോയി സമൂഹത്തെ ധാർമികമായി ഉയർത്തിയിരുന്നു. അച്ഛനും അമ്മയും ഒരു കുട്ടിയുടെ ആദ്യ ഗുരുക്കന്മാർ.

ഗുരുകുല സമ്പ്രദായത്തിൽ നിന്നും മൂല്യങ്ങൾ സ്വീകരിച്ച് ഇന്ന് വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതമായ മാറ്റം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിച്ചു വരികയാണ് നമ്മുടെ അധ്യാപകർ. വിദ്യാഭ്യാസം എന്നത് എഴുത്തും വായനയും പഠിപ്പിക്കുക എന്നതല്ല, അത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്ത് ആർജിക്കലാണ്. നമ്മുടെ അധ്യപനത്തിലൂടെ കൂടുതൽ കരുത്തോടെ ഈ ആശയം കുട്ടികൾക്ക് നൽകണം. മനസും ശരീരവും ആത്മാവും ഏകോപ്പിക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ വകുപ്പു നടത്തിവരുന്ന പദ്ധതികൾ എന്നിവ സമയബന്ധിതമായി കാര്യക്ഷമമായി നടപ്പിലാക്കി കായികവും കലാപരവും ആയ സർഗ്ഗവാസനകളെ പരിപോഷിപ്പിച്ച് സമൂഹത്തിനും കുടുംബത്തിനും കർമ്മശ്ശേഷിയുള്ള പുതുതലമുറയെ വളർത്തിയെടുക്കുന്ന പരിശ്രമം തുടരട്ടെ. **ഒരു ജോലി എന്നതിനെക്കാളപ്പുറം ദൈവത്തിന്റെ കൈയൊപ്പുള്ളവരാണ് എന്ന തിരിച്ചറിവിലൂടെ തന്റെ കൺമുമ്പിലൂടെ കടന്നുവരുന്ന കുട്ടികളിലേക്ക് സ്നേഹം, ത്യാഗം, സമത്വം, പങ്കുവയ്ക്കൽ എന്നീ മൂല്യങ്ങൾ നിരന്തരം പകർന്നു നൽകാൻ ഇടനൽകട്ടെ.** അധ്യാപരോടുള്ള ആദരവും ബഹുമാനവും എല്ലാകാലത്തും ഒരുപോലെയാണ്. എന്നാൽ പുതിയ കാലഘട്ടത്തിൽ പുതിയ തലമുറയിൽ ഈ ആദരവും ബഹുമാനവും വേണ്ടത്രയുണ്ടോ എന്ന് പുനർവിചിന്തനം ചെയ്യേണ്ടതാണ്. ഗുരുശിഷ്യബന്ധത്തിൽ സൗഹൃദത്തിന്റെ, സഹവർത്തിത്വത്തിന്റെ അടയാളങ്ങൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. അമ്മയ്ക്കും അച്ഛനും നൽകുന്ന പരിഗണന അധ്യാപകർക്ക് പുതുതലമുറ നൽകണം. കാരണം അധ്യപകർ ദൈവത്തിന്റെ കയ്യൊപ്പ് ഉള്ളവരാണ്.

എല്ലാ പ്രിയപ്പെട്ട അധ്യാപക സുഹൃത്തുക്കൾക്ക് ആശംസകൾ നേരുന്നു. ■

# മുനമ്പം – കടപ്പുറം പ്രദേശത്തെ പാവപ്പെട്ട ജനങ്ങളുടെ റവന്യൂ അവകാശങ്ങൾ പുനഃസ്ഥാപിക്കണം : കോട്ടപ്പുറം രൂപത



**ഫാ. ആന്റെൺ ജോസഫ് ഇലഞ്ഞിക്കൽ**

വഖഫ് ബോർഡിന്റെ അന്യായമായ അവകാശവാദത്തെ തുടർന്ന് തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന മുനമ്പം – കടപ്പുറം പ്രദേശത്തെ ജനങ്ങളുടെ ഭൂമിക്കുമേലുള്ള റവന്യൂ അവകാശങ്ങൾ പുനസ്ഥാപിക്കാനും നീതി ലഭ്യമാക്കാനും കേന്ദ്ര –സംസ്ഥാന സർക്കാരുകൾ സത്വരം ഇടപെടണമെന്ന് കോട്ടപ്പുറം ബിഷപ്പ്സ് ഹൗസിൽ കൂടിയ രൂപത രാഷ്ട്രീയകാര്യ സമിതി യോഗം ആവശ്യപ്പെട്ടു.

കടപ്പുറം വേളാങ്കണ്ണി മാതാ ദേവാലയവും വൈദീക മന്ദിരവും സിമിത്തേരിയും കോൺവെന്റും ഉൾപ്പെടെ ഈ പ്രദേശത്തെ 610 ഓളം വരുന്ന കുടുംബങ്ങളുടെ റവന്യൂ അവകാശങ്ങൾ തടഞ്ഞു വയ്ക്കപ്പെടുന്നതിൽ യോഗം ആശങ്ക അറിയിച്ചു.

പ്രധാനമായും മത്സ്യബന്ധന മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന നാനാജാതി മതസ്ഥരായ പാവപ്പെട്ട മനുഷ്യർ ഇത്രയുംകാലം താമസിച്ചിരുന്ന ഭൂമിയും വീടും നഷ്ടപ്പെട്ടു പോകുമോ എന്ന ഭീതിയിലാണ്. ഈ പ്രദേശത്തെ ജനങ്ങളിൽ നിന്ന് വില സ്വീകരിച്ച് ഫറൂഖ് കോളേജ് രജിസ്റ്റർ ചെയ്ത് നൽകിയ ഭൂമിയിലാണ് മത്സ്യത്തൊഴിലാളികൾ താമസിച്ചു വരുന്നത്. വഖഫ് ബോർഡ് അന്യായമായ രീതിയിലൂടെ ഈ ഭൂമി സ്വന്തമാക്കുവാൻ 2022 ൽ കത്ത് നൽകുന്നതുവരെ ഈ ഭൂമിക്കുള്ള കരമടച്ച് ഈ കുടുംബങ്ങൾ കൈവശം വച്ചു പോന്ന സ്വത്താണിത്.

വഖഫ് ബോർഡിന്റെ അന്യായമായ നീക്കങ്ങളുടെ ഫലമായി ഈ പ്രദേശത്ത് താമസിക്കുന്ന പാവപ്പെട്ട ജനങ്ങൾക്ക് ജീവിത ആവശ്യങ്ങൾക്ക് ഭൂമി ഈടുവെച്ച് പണം കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയാണ്. കുട്ടികളുടെ പഠനം, വിവാഹം, ഭവനനിർമ്മാണം മുതലായ അടിസ്ഥാന ആവശ്യങ്ങൾ വഴിമുട്ടി നിൽക്കുകയാണ്. കുടിയിറക്കൽ ഭീഷണിയുടെ മീതെ ജീവിക്കുന്ന ഈ പാവങ്ങളുടെ മാനസിക സംഘർഷങ്ങൾക്കും ജീവിത പ്രതിസന്ധികൾക്കും ശാശ്വത പരിഹാരം കാണാൻ കേന്ദ്ര – സംസ്ഥാന സർക്കാരുകൾ തയ്യാറാകണം.

ജനപ്രതിനിധികളും സർക്കാർ സംവിധാനങ്ങളും ഈ പ്രദേശത്തെ പാവപ്പെട്ട ജനങ്ങൾക്ക് നീതി ലഭ്യമാക്കുവാൻ ശക്തമായി ഇടപെടണമെന്ന് യോഗം ആവശ്യപ്പെട്ടു.

1902 ൽ തിരുവിതാംകൂർ മഹാരാജാവ്, അബ്ദുൾ സത്താർ മുസ്സ സേഠു വിന് തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികൾ താമസിക്കുന്നതൊഴിച്ച് 404 ഏക്കർ ഭൂമി കൃഷി ആവശ്യത്തിനായി പാട്ടത്തിന് നൽകിയിരുന്നു.

1948 ൽ സത്താർ സേഠുവിന്റെ പിന്തുടർച്ചാവകാശിയായ സിദ്ധിഖ് സേഠ് ഇടപ്പിള്ളി സബ് രജിസ്ട്രാഫീസിൽ നിന്നും ഈ ഭൂമി രജിസ്റ്റർ ചെയ്തു വാങ്ങി. കടൽഭിത്തി ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ കടൽകയറി ഭൂമി നഷ്ടപ്പെട്ട് വെറും 114 ഏക്കർ ഭൂമിയും 60 ഏക്കർ വെള്ളവും മാത്രമായി ഈ സ്ഥലം ചുരുങ്ങി. ഈ സ്ഥലത്ത് മത്സ്യത്തൊഴിലാളികൾ താമസമാക്കി. ഇവരിൽ 14 കുടിയാൻ


മാർക്ക് പറവൂർ തഹസിൽദാറിൽ നിന്നും സേറു കുടിയാൻ സർട്ടിഫിക്കറ്റ് വാങ്ങിക്കൊടുത്തിരുന്നു. 1950 നവംബർ ഒന്നിന് ഈ ഭൂമി സകലവിധ ക്രയവിക്രയ സ്വാതന്ത്ര്യത്തോടും കൂടി സിദ്ദിഖ് സേഠ് ഫാറൂഖ് കോളേജിന് ദാനമായി നൽകി. എന്നാൽ കോളേജ് ഇല്ലാതെ വരികയും ഭൂമി അവശേഷിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സേഠുവിന്റെ പിൻതുടർച്ചാവകാശികൾക്ക് ഭൂമി തിരികെ കൊടുക്കണം എന്ന നിബന്ധനയോടുകൂടിയ (Conditional) ആധാരമാണ് സേഠു ഫറൂഖ് കോളേജിന് നൽകിയിരുന്നത്.


1951 ൽ ഫറൂഖ് കോളേജ് ഈ ഭൂമിക്ക് പട്ടയം വാങ്ങുകയും ഉടമസ്ഥാവകാശം ഉറപ്പിക്കുകയും ചെയ്തു. തുടർന്ന് ഇതുമായി ബന്ധപ്പെട്ട് സ്വദേശികളായ മത്സ്യത്തൊഴിലാളികളുമായി 34 വർഷം ഫറൂഖ് കോളേജ് വിവിധ കോടതികളിൽ കേസ് നടത്തുകയും ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഈ ഭൂമി ഫറൂഖ് കോളേജിന്റേതാണെന്ന് വിധിക്കുകയും ചെയ്തിരുന്നു. 1989 മുതൽ ഇവിടത്തെ താമസക്കാർ ഫറുഖ് കോളേജിൽ നിന്നും വില കൊടുത്തു ഭൂമി തീറുവാങ്ങി ആധാരം പോക്കുവരവ് ചെയ്ത് താമസിച്ചു വരികയായിരുന്നു. 35 വർഷത്തിനുശേഷം ഇപ്പോൾ വഖഫ് ബോർഡ് ഈ സ്ഥലത്തിന് അന്യായമായി അവകാശവാദം ഉന്നയിച്ചിരിക്കുകയാണ്. ■

**ഫാമിലി അപ്പസ്തോലേറ്റിന്റെ സെപ്റ്റംബർ മാസത്തെ പരിപാടികൾ**

**13, 14 & 15 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

**15-ാം തീയതി** വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള **സെമിനാർ** ( 2pm - 4 pm)






# ലോഗോസ് പരീക്ഷയിലേക്ക് നടന്നടുക്കാം...



ജെൻസൻ ജോയ്

മനുഷ്യവർഗ്ഗത്തിന് ലഭിച്ച ഏറ്റവും മഹത്തായ ദാനം ബൈബിൾ എന്ന അനുഗ്രഹീത ഗ്രന്ഥമാണ്. പ്രസിദ്ധ തത്വചിന്തകനായ എമ്മാനുവൽ കാന്റ് ഇപ്രകാരം ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി വി. ഗ്രന്ഥം ഇന്നും എന്നും മനുഷ്യവംശത്തിനുള്ള ദൈവത്തിന്റെ അസാധാരണമായ മഹാദാനമാണ്. സഭയുടെ മടിത്തട്ടിൽ സ്ഫോടനാത്മകവും ക്രിയാത്മകവുമായ ശക്തി തെളിയിച്ചിട്ടുള്ള ദൈവവചനം നാം സ്വീകരിക്കുകയും ജീവിക്കുകയും പങ്കുവക്കുകയും ചെയ്യണം. വചനം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനെക്കുറിച്ചുള്ള ഏശയ്യാ പ്രവാചകന്റെ വാക്കുകൾ വളരെ ശക്തമാണ്: "വചനം നിനക്ക് സമീപസ്ഥമാണ്; അതു നിന്റെ അധരത്തിലും ഹൃദയത്തിലും ഉണ്ട്. അതു പ്രാവർത്തികമാക്കാൻ നിനക്ക് കഴിയും" (ഏശ 30: 14; റോമ 10:6). വിശ്വാസികളുടെ ജീവിതത്തിൻ വചനം പ്രവർത്തനപഥത്തിലെത്തുമ്പോഴാണ് പൂർത്തിയാക്കപ്പെടുന്നത്. അതിന്റെ ആദ്യപടിയെന്ന നിലയിൽ വി. ഗ്രന്ഥം വായിക്കുകയും പഠിക്കുകയും ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത് പരിപോഷിപ്പിക്കപ്പെടണം. അതിന് വിവിധങ്ങളായ കർമ്മ പദ്ധതികൾ ഉണ്ടാകണം. വചനം പകർന്നു കൊടുക്കുന്നതിന് സഹായകമായ പ്രഗത്ഭങ്ങളും കുറ്റമറ്റതുമായ വചനവിഭവങ്ങൾ ഉണ്ടാകണം.

വചനപഠനത്തിന് കാല-ദേശ-ഭേദമേന്യേ പ്രചുരപ്രചാരമായി പൊതുജനഹൃദയങ്ങളിൽ സ്ഥാനംപിടിച്ച സർവ്വസാധാരണമായ ഒരു ജനകീയ രീതിയാണ് ബൈബിൾ ക്വിസ്. കേരള സഭയിൽ ക്രിസ്തുവിനെ അറിയുക, വി. ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലും ആവിഷ്ക്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു ബൈബിൾ പഠന പദ്ധതിയാണ് ലോഗോസ് ക്വിസ്. കഴിഞ്ഞ 24 വർഷങ്ങളിലായി കേരളത്തിന് അകത്തും പുറത്തുമായി 40 ഓളം രൂപതകളേയും പങ്കെടുപ്പിച്ചു കൊണ്ട് നടത്തപ്പെടുന്ന ഈ വ്യക്തിഗത എഴുത്തു പരീക്ഷയിൽ ആറ് ലക്ഷത്തോളം പേർ പങ്കെടുക്കുന്നുവെന്നത് വചനപഠനത്തിന് ദൈവജനം വളരെ താത്പര്യം കാണിക്കുവെന്നതിന്റെ തെളിവാണ്.

കുട്ടികൾക്കായാലും പ്രായപൂർത്തിയെത്തിയവർക്കായാലും ബൈബിൾ ക്വിസ് രീതിയിലുള്ള വചനപഠനത്തിന് അതിന്റേതായ ബഹുവിധ നന്മകളുണ്ട്. ദൈവവചനത്തിന്റെ ഈ വിധ ശാസ്ത്രീയമായ പഠനത്തിലൂടെയും ഓർമ്മിക്കലിലൂടെയും, ജനഹൃദയങ്ങളിൽ വിശ്വാസം സജീവമായി ഉണർത്താനും ക്രിസ്തീയ മൂല്യാധിഷ്ഠിത ജീവിതത്തിന് ഒരു

ക്കാനും സുവിശേഷ സത്യങ്ങളെ ഒരുവനിൽ സന്നിവേശിപ്പിക്കാനും സാധിക്കും. മത്സര ബോധത്തോടെ ആഴത്തിലുള്ള ബൈബിൾ പഠനം, കൂട്ടായ്മയിലുള്ള പരിശീലനം, മത്സരക്കളത്തിലെ വെല്ലുവിളികൾ, ക്വിസ് ചോദ്യങ്ങൾ ഉതിർക്കുന്ന ആകാംക്ഷാനിർഭരമായ നിമിഷങ്ങൾ, പുതുമുഖങ്ങളെ പരിചയപ്പെടൽ, എല്ലാറ്റിനും ഉപരി ഒരുവന്റെ വിരൽ തുമ്പിലെന്നവണ്ണം വചനവാക്യങ്ങൾ ഓർമ്മയിലാക്കിയതിന്റെ ആവേശം ഇവയെല്ലാം ക്വിസ് മത്സരത്തിന്റെ മാന്ത്രിക ആകർഷണശക്തികളാണ്. മത്സരമെന്നത് ഉപകരണമാക്കി ദൈവവചനം പഠിക്കുന്നതിനുള്ള പദ്ധതിയാണിത്. **മത്സരക്കളത്തിൽ എല്ലാ ഓട്ടക്കാരും ഓടുന്നെങ്കിലും സമ്മാനാർഹനാവുന്നത് ഒരുവൻ മാത്രമാണെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ ? (1 കൊറി 9:24)** എന്നാണല്ലോ വി. പൗലോസ് എഴുതുന്നത്. ഏറ്റവും കൂടുതൽ വി. ഗ്രന്ഥം പഠിച്ചയാൾ വിജയിയായി പ്രഖ്യാപിക്കപ്പെടുന്നു. സമ്മാനങ്ങൾ ആത്മവിശ്വാസം വളർത്താൻ ഉപകരിക്കും. ദൈവവചനത്തിന്റെ ആവർത്തിച്ചുള്ള വായനയും പഠനവും വഴി ഒരുവൻ ആത്മീയമായി വളരുന്നു. കൂട്ടായ്മയിൽ അഭിവൃദ്ധിപ്രാപിക്കുന്നു. ബൈബിൾ വാക്യങ്ങൾ അറിയാവുന്നവർക്ക് സുവിശേഷ പ്രസംഗങ്ങൾ കൂടുതൽ ഹൃദ്യവും ആസ്വാദ്യകരവുമാവും.

വളരെയധികം താത്പര്യത്തോടെ ഇത്രയധികം ആളുകൾ പങ്കെടുത്ത് എഴുതുന്ന ഈ പരീക്ഷയുടെ കഴിഞ്ഞ 3 വർഷമായി ലോഗോസ് ക്വിസ് പഠന ക്ലാസ്സിനു ലഭിച്ച പ്രോത്സാഹനത്തിനും സഹകരണത്തിനും എല്ലാവർക്കും കൃതജ്ഞതയർപ്പിക്കുന്നു.

## പഠനഭാഗത്തിന് മുഖവുര

2024 സെപ്റ്റംബർ 29 ന് നടക്കുന്ന ലോഗോസ് ക്വിസ് 2024 തെരഞ്ഞെടുത്തിട്ടുള്ള പഠനഭാഗങ്ങൾ

**ന്യായാധിപൻമാർ 1–10 അധ്യായങ്ങൾ**
**പ്രഭാഷകൻ 34 – 40 അധ്യായങ്ങൾ**
**ലൂക്കാ 9 – 16 അധ്യായങ്ങൾ**
**2 കോറിന്തോസ് 7 – 13 അധ്യായങ്ങൾ**

ആകെ 32 അധ്യായങ്ങളിൽ നിന്നായി 1035 വാക്യങ്ങളും അതിന്റെ സമാന വാക്യങ്ങളുമാണ് പഠിക്കാനുള്ളത്.

വി. ഗ്രന്ഥവായനയിലൂടെയും പഠനത്തിലൂടെയും ക്രിസ്ത്വനുഭവത്തിലേക്ക് കടന്നുവരുവാനും, ക്രിസ്തുവിന്റെ മാതൃക ഉൾക്കൊണ്ട് സ്നേഹദാനത്തിന്റെയും പങ്കുവെക്കലിന്റെയും അരൂപിയാൽ നിറയുവാനും ഈ വർഷത്തെ ലോഗോസ് ക്വിസ് സഹായകമാകട്ടെയെന്ന് ആശംസിക്കുന്നു. ■

സെപ്റ്റംബർ 17-ാം തീയതി
ജന്മദിനം ആഘോഷിക്കുന്ന
ഫാ. പോൾ തോമസ് കളത്തിലിന്
പ്രാർത്ഥനാശംസകൾ...

ബാച്ച്മേറ്റ്സ്







# ദേവദൂതൻ

## കാലം പറയുന്നത് എന്ത്?

**ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ**

**മ**ലയാള സിനിമയിൽ റീ – റിലീസിംഗ് പുതുമയുള്ള ഒരു കാര്യമല്ല. പല സിനിമകളും കാഴ്ചയിലും ശബ്ദവിന്ന്യാസത്തിലും ഇന്നത്തെ സാങ്കേതിക വിദ്യകളുടെ സഹായത്താൽ പുതുക്കി റിലീസ് ചെയ്തുകൊണ്ട് പ്രദർശന വിജയം നേടുകയുണ്ടായിട്ടുണ്ട്. മലയാളിയുടെ ആസ്വാദക ശേഷിയെ കാര്യമായി തന്നെ സ്വാധീനിക്കുകയും എക്കാലത്തെയും മലയാളത്തിലെ പ്രദർശന വിജയം നേടുകയും ചെയ്ത ഫാസിലിന്റെ മണിച്ചിത്രത്താഴ് വീണ്ടും റിലീസ് ചെയ്യുവാൻ ഒരുങ്ങുകയാണ്. ഈ അവസരത്തിലാണ് കഴിഞ്ഞയിടെ റീ- റിലീസ് ചെയ്ത സിബി മലയിൽ സംവിധാനം ചെയ്ത ദേവദൂതൻ എന്ന ചിത്രത്തെത്തെക്കുറിച്ച് ചിന്തിക്കുന്നത്.

രണ്ടായിരത്തിലാണ് ദേവദൂതൻ റിലീസ് ചെയ്യപ്പെടുന്നത്. സംവിധാനം നിർവഹിച്ചത് സിബി മലയിലും കഥാരചന നടത്തിയത് രഘുനാഥ് പാലേരിയും ആയിരുന്നു. മ്യൂസിക് – ഹൊറർ വിഭാഗത്തിൽ പെടുന്ന ഈ ചിത്രം ഒരു കൊലപാതകത്തിന്റെ ചുരുളഴിക്കുന്ന രീതിയിലാണ് ഒരുക്കിയിരുന്നത്. ആറാമിന്ദ്രിയ (Sixth Sense) ത്തിന്റെയോ അവബോധത്തിന്റെയോ (Intuition) സഹായത്താൽ ആണ് നായകൻ ആ കൊലപാതകത്തിന്റെ ചുരുളഴിക്കുന്നത്. സിനിമകളിൽ പ്രേതത്തെ നേരിട്ട് കണ്ട് പരിചയിച്ച മലയാളീ കാഴ്ച ബോധങ്ങൾക്ക് ഇത്തരത്തിലുള്ള ഒരു കഥയെ ആ സമയത്ത് ആസ്വദിക്കുവാൻ സാധിച്ചില്ല എന്നു വേണം കരുതാൻ. റിലീസ് ചെയ്യപ്പെട്ട് ഏതാനും ദിവസങ്ങൾക്കകം തന്നെ സിനിമ പരാജയപ്പെടുകയാണ് ഉണ്ടായത്.

ദേവദൂതൻ ഇറങ്ങുന്ന സമയത്ത് പുറത്തിറങ്ങിയ മറ്റൊരു മോഹൻലാൽ ചിത്രമായിരുന്നു നരസിംഹം. ഈ സിനിമയിലെ നായക കഥാപാത്രത്തിന്റെ ഹീറോയിസം തന്നെയാണ് പ്രേക്ഷകർ ദേവദൂതനിലെ നായക കഥാപാത്രത്തിൽ നിന്നും പ്രതീക്ഷിച്ചിരുന്നത്. എന്നാൽ കാണികളുടെ പ്രതീക്ഷകൾക്ക് അനുസരിച്ചുള്ള ഒരു സിനിമയായിരുന്നില്ല ദേവദൂതൻ. അതിനാൽ അവർ ഈ ചിത്രത്തെ കൈവിട്ടു കളഞ്ഞു. മലയാളിയുടെ കാഴ്ച ബോധത്തിലോ ആസ്വാദനശേഷിയിലോ ആ സമയത്ത് ഉണ്ടായിരുന്ന രീതികൾ കൂടി ഈ സിനിമ പരാജയപ്പെടുന്നതിന്

കാരണമായിട്ടുണ്ട്. ആറാമിന്ദ്രിയത്തിന്റെയും അവബോധത്തിന്റെയും പ്രവർത്തനങ്ങൾ പരാമർശ വിഷയമാകുന്നതുകൊണ്ട് അതിനു തക്ക ആസ്വാദനശേഷി ഈ സിനിമ പ്രേക്ഷകനിൽ നിന്ന് ആവശ്യപ്പെടുന്നുണ്ടായിരുന്നു. എന്നാൽ ആ സമയങ്ങളിലെ പ്രേക്ഷക മനോഭാവങ്ങൾ ഇത്തരത്തിൽ രൂപപ്പെടാത്തത് സിനിമയുടെ പരാജയത്തിന് കാരണമായി.


കോവിഡ് സമയത്താണ് വീണ്ടും ഈ സിനിമയെ കുറിച്ചുള്ള ചർച്ചകൾ രൂപപ്പെടുന്നത്. ഒ.ടി.ടി പ്ലാറ്റ്ഫോമിലും യൂട്യൂബിലും ഈ സിനിമ ആസ്വദിച്ച പുതുതലമുറ മികച്ച അഭിപ്രായങ്ങളാണ് ഇതിനെക്കുറിച്ച് രേഖപ്പെടുത്തിയത്. അതാണ് ഈ സിനിമ വീണ്ടും റിലീസ് ചെയ്യുവാൻ കാരണമായത്.

ശബ്ദത്തിലും ചായാഗ്രഹണത്തിലും പുതുക്കി ദേവദൂതൻ പുറത്തിറങ്ങുമ്പോൾ ഈ സിനിമയിൽ നിന്ന് ആവശ്യമില്ലാത്ത പല സീനുകളും ഒഴിവാക്കിയിട്ടുണ്ട്. അത്തരത്തിൽ ഒഴിവാക്കപ്പെട്ട കഥാപാത്രമാണ് ജഗതിയുടെ അച്ചൻ വേഷം. 25 വർഷങ്ങൾക്കു മുൻപ് ദേവദൂതൻ പുറത്തിറങ്ങിയപ്പോൾ ഇപ്പോൾ ഒഴിവാക്കിയ ഭാഗങ്ങൾ കൂടി അന്ന് സിനിമയിൽ കണ്ടപ്പോൾ ഇത്തരം ഭാഗങ്ങൾ അനാവശ്യമാണെന്ന് തോന്നിയിരുന്നു. കാരണം ജഗതിയുടെ അച്ചൻ വേഷത്തെ അത്ര കോമാളിയായിട്ടാണ് അവതരിപ്പിച്ചിരുന്നത്. കാലാകാലങ്ങളിലായി കത്തോലിക്ക പുരോഹിതരോട് മലയാളിക്ക് ഉണ്ടായിരുന്ന മുൻവിധികളാണ് ഈ കഥാപാത്രത്തിലൂടെ പുറത്തുവന്നത്. അന്ന് ഇത് കണ്ടപ്പോൾ സിബി മലയിൽ എന്ന സംവിധായകനോട് സഹതാപമാണ് തോന്നിയത്. കാരണം ഒരുപാട് ഒരുപാട് നല്ല സിനിമകൾ (കിരീടം, ഭരതം, തനിയാവർത്തനം, ദശരഥം) സംവിധാനം ചെയ്തിട്ടുള്ള ഒരാളിൽ നിന്ന് ഇത്തരം മുൻവിധികളോടെയുള്ള സമീപനങ്ങൾ ഉണ്ടാകുന്നത് കണ്ടപ്പോൾ അത് മനഃപ്പൂർവ്വമാണെന്ന് തോന്നിയിരുന്നു.

ഇന്ന് ദേവദൂതൻ വീണ്ടും പുറത്തിറങ്ങുമ്പോൾ സിബി മലയിൽ ചെയ്ത ഈ സിനിമ മനോഹരമായിരുന്നു എന്ന് കാലം തെളിയിക്കുകയാണ്. അതോടൊപ്പം തന്നെ ജഗതിയെവെച്ചുള്ള അച്ചൻ കഥാപാത്രത്തെ ഒഴിവാക്കി ഇറക്കിയിരിക്കുന്നതുകൊണ്ട് അത്തരത്തിലുള്ള സീനുകൾ ഈ സിനിമയിൽ ആവശ്യമായിരുന്നില്ല എന്ന് സംവിധായകൻ സ്വയം സമ്മതിക്കുക കൂടി ചെയ്തിരിക്കുന്നു. അങ്ങനെ മുൻവിധിയോടെ കത്തോലിക്ക പൗരോഹിത്യത്തെ സമീപിക്കുന്ന കാഴ്ചപ്പാടുകൾ തെറ്റാണെന്ന് കൂടി കാലം തെളിയിച്ചിരിക്കുന്നു. ■



**കത്തോലിക്കാ സഭയെ അറിയാം... പഠിക്കാം...**




# കത്തോലിക്ക സഭയുടെ മതബോധന ഗ്രന്ഥം (CCC)



അനി ജോസഫ്, കൂട്ടുകാട്

രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപിച്ച് 20 വർഷങ്ങൾക്കുശേഷം **1985 ജനുവരി 25 ന് അന്നത്തെ പാപ്പയായിരുന്ന ജോൺ പോൾ രണ്ടാമൻ പാപ്പ വിളിച്ചു ചേർത്ത ബിഷപ്പുമാരുടെ അസാധാരണ സിനഡിൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിശ്വാസത്തെയും ധാർമികതയെയും കുറിച്ചുള്ള കത്തോലിക്കാ സഭയുടെ പഠനങ്ങളെല്ലാം സംഗ്രഹിച്ചുകൊണ്ട് സഭയ്ക്ക് ഒരു ഔദ്യോഗിക മതബോധന ഗ്രന്ഥം രചിക്കണമെന്ന് തീരുമാനമെടുത്തു.** അങ്ങനെ 1986 ൽ മതബോധന ഗ്രന്ഥത്തിന്റെ ആദ്യ കരട് രേഖ തയ്യാറാക്കുന്നതിനായി **കർദിനാൾ ജോസഫ് റാറ്റ്സിംഗർ (പിന്നീട് ബനഡിക്ട് പതിനാറാമൻ പാപ്പയായി) അധ്യക്ഷനായി കർദിനാൾമാരും ബിഷപ്പുമാരും അടങ്ങുന്ന ഒരു 12 അംഗ കമ്മീഷൻ രൂപീകരിച്ചു.** ഈ കമ്മീഷനെ സഹായിക്കുന്നതിനായി ദൈവശാസ്ത്രത്തിലും മതബോധനത്തിലും വിദഗ്ധരായ 7 രൂപതാമെത്രാന്മാർ അടങ്ങിയ ഒരു എഡിറ്റോറിയൽ സമിതിയും ഉണ്ടായിരുന്നു.

തുടർന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ മുപ്പതാം വാർഷികമായ 1992 ഒക്ടോബർ 11 ന് ജോൺ പോൾ രണ്ടാമൻ പാപ്പ വിശ്വാസ നിക്ഷേപം (ഫിഡെ ഡെപ്പോസിറ്റം) ഉപയോഗിച്ച് അപ്പസ്തോലിക അനുശാസനം (മതബോധന പ്രഖ്യാപനം) പുറപ്പെടുവിച്ചു. **1997 ഓഗസ്റ്റ് 15 ന് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിനത്തിൽ ഈ മതബോധന ഗ്രന്ഥം പ്രഖ്യാപിക്കപ്പെട്ടു.**

ലത്തീൻ ആണ് ഈ ഗ്രന്ഥത്തിന്റെ ഔദ്യോഗിക ഭാഷ. സഭാ പിതാക്കന്മാരുടെ പഠനങ്ങളും വിവിധ സാർവത്രിക സൂനഹദോസുകളിൽ നിന്നുള്ള സഭാപഠനങ്ങളും ഉൾപ്പെടെയുള്ള 74 ഓളം ഗ്രന്ഥങ്ങളാണ് CCC യുടെ രചനയിൽ റഫറൻസ് ആയി ഉപയോഗിച്ചിട്ടുള്ളത്.

**വിശ്വാസ പ്രഖ്യാപനം, ക്രിസ്തീയ രഹസ്യത്തിന്റെ ആഘോഷം, ക്രിസ്തുവിലുള്ള ജീവിതം, ക്രൈസ്തവ പ്രാർത്ഥന എന്നിങ്ങനെ നാല് ഭാഗങ്ങളിലായി 2865 ഖണ്ഡികകൾ ആയാണ് ഈ ഗ്രന്ഥം.** 11 വർഷങ്ങളോളം നീണ്ട പഠനങ്ങളുടെയും പ്രാർത്ഥനയുടെയും ഫലമായാണ് കത്തോലിക്കാ സഭയുടെ ഈ ഔദ്യോഗിക മതബോധന ഗ്രന്ഥം രൂപപ്പെട്ടത്. ലോകമെമ്പാടും ഇരുപതിലധികം ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ പുസ്തകത്തിന്റെ മലയാള പരിഭാഷ 2005 ലാണ് പി.ഒ.സി പ്രസിദ്ധീകരിച്ചത്. ഈ മതബോധന ഗ്രന്ഥം നമ്മുടെ വിശ്വാസത്തെ ആഴപ്പെടുത്തുവാനും കൂടുതൽ പ്രോജ്ജ്വലിപ്പിക്കുവാനും സഹായിക്കട്ടെ. ■




റോമ 8 : 18 – 30

# വിശുദ്ധ വഴിയിലെ തീർത്ഥാടകയായ സഭ



**ഫാ. ആൻസ് ആന്റണി പല്ലിശ്ശേരി**

**ഉ**ൽപത്തി പുസ്തകത്തിൽ മനുഷ്യന്റെ സൃഷ്ടികർമ്മത്തെക്കുറിച്ച് നാം ഇപ്രകാരം വായിക്കുന്നുണ്ട്, "ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു" (ഉൽപ 1 : 27). **ദൈവത്തിന്റെ മുഖമുള്ളവനാണു മനുഷ്യൻ. അതുകൊണ്ടുതന്നെ ദൈവം വചനം കൊണ്ട് ലോകത്തിലെ മറ്റു വസ്തുക്കളെല്ലാം സൃഷ്ടിച്ചപ്പോഴും മനുഷ്യനെ മാത്രം തന്റെ കരങ്ങൾ കൊണ്ട് രൂപപ്പെടുത്തിയത്.** മറ്റു സൃഷ്ടവസ്തുക്കൾക്ക് ലഭിക്കാത്ത ഒരു പരിഗണന *'പറുദീസ'* നൽകി അനുഗ്രഹിച്ചു.

പാപം വഴി നഷ്ടപ്പെട്ട പറുദീസയും, ദൈവത്തിന്റെ മുഖഛായയും വീണ്ടെടുക്കാൻ ശ്രമിച്ച് വീണ്ടും വീണ്ടും പരാജയപ്പെട്ട മനുഷ്യനെ കാരുണ്യവാനായ പിതാവ് തന്റെ പുത്രനെ നൽകി പരിഹാരം ചെയ്തു. അങ്ങനെ നഷ്ടപ്പെട്ട പിതാവായ ദൈവത്തിന്റെ മുഖം വീണ്ടെടുക്കാൻ പുത്രനായ ക്രിസ്തു തന്റെ കുരിശുമരണത്തിലൂടെ വഴിയൊരുക്കി. പുത്രൻ നൽകിയ സഹായകനായ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ വീണ്ടെടുക്കപ്പെട്ട ഈ വിശുദ്ധ വഴിയിലൂടെ ദൈവത്തിന്റെ മുഖവുമായി പറുദീസയിലേക്കുള്ള തീർത്ഥാടനത്തിലാണ് ഇന്ന് സഭ.

വത്തിക്കാൻ പ്രമാണരേഖയായ 'ജനതകളുടെ പ്രകാശം' (Lumen Gentium) ദൈവം നൽകിയതും തങ്ങൾ സ്വീകരിച്ചതുമായ വിശുദ്ധീകരണം ജീവിതത്തിൽ മുറുകെപിടിക്കാനും സഭാംഗങ്ങൾ കടപ്പെട്ടിരിക്കുന്നു എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

സഭയിലെ ഓരോ വ്യക്തിയും ഈ രക്ഷാകരമായ തീർത്ഥാടനത്തിലാണ്. ഒരു പൂർണ്ണതയിലേക്കുള്ള വിശുദ്ധ വഴിയിലെ തീർത്ഥാടനം. ജീവിച്ചിരുന്നവരും ജീവിക്കുന്നവരും സഞ്ചരിക്കുന്നത് ഒരേ വഴിയിലൂടെയാണ്; എത്തിച്ചേരേണ്ടത് ഒരേ ഇടത്തിലേക്കാണ്. നഷ്ടപ്പെട്ടെന്ന് നമ്മൾ കരുതുന്ന പറുദീസയിലേക്ക്. സഭ മൂന്നു തരം എന്നു പറയാറുണ്ട്. 1. വിജയസഭ, 2. സഹനസഭ, 3. സമരസഭ

സമരസഭയിലെ ബലഹീനർ സഹനസഭയിൽ ശക്തിപ്രാപിച്ച് ക്രിസ്തുവിലൂടെ വീണ്ടെടുക്കപ്പെട്ട വിജയസഭയായ വിശുദ്ധരുടെ കൂട്ടായ്മയിലേക്ക് എത്തിച്ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തുന്നതാണ് ഈ വിശുദ്ധ വഴിയിലെ തീർത്ഥാടനം. അവിടെ വ്യത്യസ്തതകളില്ല, താഴ്ചകളോ ഉയർച്ചകളോ ഇല്ല, കുറവുകളില്ല; മറിച്ച് ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരു മനുഷ്യന്റെ ആത്മാവിനെ പൂർണ്ണമായി സ്വന്തമാക്കപ്പെടുന്ന അവസ്ഥയാണ്. പ്രയാസങ്ങളിലൂടെ, വേദനകളിലൂടെ ഇന്നിന്റെ സഭ തീർത്ഥാടനം ചെയ്യുന്നത് ഈ വിശുദ്ധമായ ഒന്നാക്കപ്പെടലിന്റെ അനുഭവത്തിലേക്കാണ്.

വി. പൗലോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു, "നമുക്ക് വെളിപ്പെടാനിരിക്കുന്ന മഹത്വത്തോട്



*അവയെ ഉള്ളിൽ സംഗ്രഹിക്കുകയും അധരങ്ങളിൽ ഒരുക്കിവയ്ക്കുകയും ചെയ്യുന്നത് ആഹ്ലാദപ്രദമായിരിക്കും.*

സുഭാഷിതങ്ങൾ 22 : 18



ജനിക്കപ്പെടുന്ന അത്ഭുത പ്രതിഭാസം. ജീവിക്കുന്നവരായ നമ്മുടെ പ്രാർത്ഥനയിൽ നമുക്ക് വിശുദ്ധരെ ജനിപ്പിക്കാം. അങ്ങനെ തീർത്ഥാടക സഭയ്ക്ക് വിശുദ്ധ വഴിയിലൂടെ തീർത്ഥാടനം ചെയ്യാൻ കരുത്തു ലഭിക്കാൻ, കൂരിരുട്ടിലും പ്രകാശമായി മാറാൻ അവരുണ്ടാകട്ടെ. ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്നു സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ! (റോമ 8 : 28).

തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമെന്ന് ഞാൻ കരുതുന്നു" (റോമ 8:18). ഇതാണ് തീർത്ഥാടക സഭയുടെ ഇന്നത്തെ കഷ്ടതകൾക്കുള്ള ഉത്തരം.

സൃഷ്ടി ജീർണ്ണതയുടെ അടിമത്തത്തിൽ നിന്നു മോചിതമാകുകയും ദൈവമക്കൾ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും (റോമ 8 : 21). **തീർത്ഥാടകസഭയുടെ യാത്ര ഈ ഒരു പ്രത്യാശയിലേക്കാണ്. ഉറച്ച വിശ്വാസവും ബോധ്യവും എന്നു പറയുന്നത് താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്നു വിളിച്ചു എന്നതും, വിളിച്ചവരെ നീതീകരിച്ചു എന്നതും നീതീകരിച്ചവരെ മഹത്വപ്പെടുത്തി (റോമ 8:29–30) എന്നതുമാണ്.**

വെല്ലുവിളിയുടെ ചുഴിയിൽ തളർന്നുപോകാതെ ഇന്നും തീർത്ഥാടകയായ സഭ വീണ്ടെടുക്കപ്പെട്ട അതേ വിശുദ്ധ വഴിയിൽ നിലനിൽക്കുകതന്നെ ചെയ്യും. ഇത് ഒറ്റയ്ക്കുള്ള പ്രയാണമല്ല. മുന്നേ പോയവർ വെട്ടിത്തെളിച്ച വഴിയിൽ ഇന്നും കൂരിരുട്ടിൽ വഴിതെളിക്കാൻ വിശുദ്ധമായ ഒരു അദൃശ്യ സാന്നിദ്ധ്യം അവളോട് കൂടെയുണ്ട്. മരിച്ചവർ ജനിച്ചവരാകുന്ന മനോഹരമായ ഒരു പരിവർത്തനമാണ് ക്രിസ്തീയ വിശ്വാസത്തിൽ മരണം. വിശുദ്ധർ

**ചർച്ചയ്ക്ക്:**

1. *വിശുദ്ധിയിലേക്കുള്ള വിളിയിൽ സഭയിൽ ഓരോരുത്തരും എപ്രകാരമാണ് തങ്ങളുടെ ദൗത്യം നിർവഹിക്കുന്നത്?*
2. *സന്യസ്ത-സമർപ്പിതർക്ക് സഭയിലുള്ള സ്ഥാനം സഭാംഗങ്ങൾ എപ്രകാരം തിരിച്ചറിയുന്നു?*
3. *തീർത്ഥാടക സഭയിലെ അംഗമെന്ന രീതിയിൽ മരിച്ചവരുടെ ഓർമയും വിശുദ്ധരോടുമുള്ള വണക്കവും മനസ്സിലാക്കേണ്ടത് എങ്ങനെ?*

**പ്രവർത്തനത്തിന്:**

1. *ഇവിടെ പരാമർശിക്കപ്പെട്ട മൂന്ന് അധ്യായങ്ങളെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം കൂട്ടായ്മയിൽ ലഭ്യമാക്കി വായിക്കുക, ചർച്ച ചെയ്യുക.*
2. *സഭയിലെ ഓരോ ജീവിതാന്തസ്സിലുമുള്ളവരുടെ ജീവിതസാക്ഷ്യം പങ്കുവയ്ക്കുക.*

■



# സ്വർഗ്ഗീയ സംഗീത സംഗമം
# മത്സരഫലം 2024-2025



കോട്ടപ്പുറം രൂപത മതബോധന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2024 ആഗസ്റ്റ് 18, 25 തിയ്യതികളിലായി Section A, B, C, D & E എന്നീ യൂണിറ്റുകൾക്കായി കോട്ടപ്പുറം വികാസിൽ വച്ച് നടത്തപ്പെട്ടു. 53 യൂണിറ്റുകൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാ യൂണിറ്റുകളെയും സമ്മാനാർഹരായവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. മത്സരഫലം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| **Section A** | I | - | Infant Jesus Unit, Kadakkara |
| | II | - | St. Antony Unit, Koorkkamattom |
| | III | - | Nithyasahaya Matha Unit, Kuruvilassery |
| **Section B** | I | - | Fathima Matha Unit, Eriyad |
| | II | - | St. Jude Unit, Methala |
| | III | - | St. Sebastian Unit, Poyya |
| **Section C** | I | - | St. Antony Unit, Malapallipuram |
| | II | - | Sacred Heart Unit, Areepalam |
| | III | - | St. Thomas Unit, Azhicode |
| **Section D** | I | - | St. Francis Xavier Unit, Sampaloor |
| | II | - | Little Flower Unit, Koottukad |
| | III | - | St. Antony Unit, Chettikad |
| **Section E** | I | - | St. Sebastian Unit, Gothuruth |
| | II | - | St. Michael's Unit, Kottapuram |
| | III | - | St. Sebastian Unit, Kottuvally |



ശിശുവിന്റെ ഹൃദയത്തിൽ ഭോഷത്തം കെട്ടുപിണഞ്ഞുകിടക്കുന്നു;
ശിക്ഷണത്തിൽ വടി അതിനെ ആട്ടിയോടിക്കുന്നു.
സുഭാഷിതങ്ങൾ 22 : 15

# രൂപത വാർത്തകൾ

## സൈക്കിൾ വാങ്ങാൻ സ്വരൂപിച്ച പണം വയനാടിന് നല്കി നെവിൻ റോച്ച



മൂന്നാം ക്ലാസുകാരനായ കിഴക്കേവീട്ടിൽ നെവിൻ റോച്ച സൈക്കിൾ വാങ്ങാൻ കുടുക്കയിൽ സ്വരൂപിച്ച പണം വയനാട് ദുരിതബാധിതർക്കായുള്ള സഹായനിധിയിലേക്ക് നല്കി മാതൃകയായി. കുര്യാപ്പിള്ളി സെന്റ് ആന്റണീസ് ദൈവാലയത്തിലെ പ്രീസ്റ്റ്-ഇൻ-ചാർജ്ജ് ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരിക്ക് പണം കൈമാറി. കോട്ടപ്പുറം രൂപതയിലെ പള്ളികളിൽ ആഗസ്റ്റ് നാല് ഞായറാഴ്ച കുർബ്ബാന മദ്ധ്യേയുള്ള സഞ്ചിപിരിവ് വയനാടിലെ ദുരിതബാധിതർക്കായി മാറ്റി വയ്ക്കാൻ ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിൽ ആഹ്വാനം ചെയ്തിരുന്നു. അതനുസരിച്ചാണ് വയനാട്ടിൽ ഉരുൾപ്പൊട്ടലിൽ ദുരിതമനുഭവിക്കുന്നവരുടെ പ്രയാസങ്ങളറിഞ്ഞ്, രണ്ടുവർഷമായി കുടുക്കയിൽ സൈക്കിൾ വാങ്ങാനായി സ്വരുകൂട്ടിയ 2588 രൂപ ദൈവാലയത്തിൽ സമർപ്പിച്ചത്. കുര്യാപ്പിള്ളി സെന്റ് ആന്റണീസ് ദൈവാലയത്തിലെ മതബോധന വിദ്യാർത്ഥിയായ നെവിൻറോച്ച, കിഴക്കേവീട്ടിൽ വിപിൻ റോച്ചയുടെയും നിമ്മിയുടെയും മകനാണ്. വാടകവീട്ടിൽ താമസിക്കുന്ന കുടുംബമാണ് നെവിൻ റോച്ചയുടേത്. പിതാവ് ഐസ് പ്ലാന്റിലും അമ്മ സൗദിയിലും ജോലി ചെയ്യുന്നു. നിരവധി പേരാണ് ഈ കൊച്ചു മിടുക്കനെ അഭിനന്ദിക്കുന്നത്.

## ' ജപമാല രാജ്ഞി ' ഭക്തിഗാനം പുറത്തിറക്കി




സ്വർഗ്ഗരോപണ തിരുനാളിന്റെ പുണ്യദിനത്തിൽ തുരുത്തിപ്പുറം ജപമാല രാജ്ഞ്ഞി ദൈവാലയത്തിൽ നിന്നും പരിശുദ്ധ അമ്മയുടെ 'അമ്മേ ജപമാല രാജ്ഞി' എന്ന് തുടങ്ങുന്ന ഗാനത്തിന്റെ പോസ്റ്റർ പ്രകാശനം നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട ഇടവക വികാരി ഫാ. ജോജോ പയ്യപ്പിള്ളി ആണ് പ്രകാശന കർമ്മം നിർവഹിച്ചത്. ഗാനത്തിന് സംഗീതം നൽകിയ ടി.ഡി. ജോർജ്, പ്രൊഡ്യൂസർ അമിത് പയ്യപ്പിള്ളി, ഗാനം ആലപിച്ച ഇടവക ഗായകസംഗത്തിലെ അംഗമായ ജിസ്ന അമിത്തും സന്നിഹിതരായിരുന്നു. അന്നേ ദിനം തന്നെ ടി.ഡി. ജോർജ് മ്യൂസിക് പ്രൊഡക്ഷൻ യൂട്യൂബ് ചാനലിൽ ഗാനം റിലീസ് ചെയ്യുകയും ചെയ്തു.

## കിഡ്സിൽ 50% സാമ്പത്തിക സഹായത്തോടെ ജൈവവള വിതരണം



കോട്ടപ്പുറം ഇൻറഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി(കിഡ്സ്) യും സന്നദ്ധ സംഘടനകളുടെ കൂട്ടായ്മയായ നാഷ്ണൽ എൻ.ജി.ഒ. കോൺഫെഡറേഷനും സംയുക്തമായി 50% വരെ സാമ്പത്തിക സഹായത്തോടെ ജൈവവള വിതരണം നടത്തി. 2024 ആഗസ്റ്റ് 16-ാം തിയിതി വെള്ളിയാഴ്ച 2 മണിക്ക് കോട്ടപ്പുറം കിഡ്സ് ക്യാമ്പസിൽ വെച്ച് നടത്തിയ യോഗത്തിൽ ജൈവവള വിതരണോദ്ഘാടനം കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി വാർഡ് കൗൺസിലർ ശ്രീ. വി.എം. ജോണി നിർവ്വഹിച്ചു. കോട്ടപ്പുറം കിഡ്സ് ഡയറക്ടർ റവ. ഫാ. പോൾ തോമസ് കളത്തിൽ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. ശ്രീമതി ഗ്രേയ്സി ജോയി പരിപാടികൾക്ക് നേതൃത്വം നൽകി. വനിതകളെ സ്വയംപര്യാപ്തതയിലേക്കും സംരഭവികസനത്തിലേക്കും സുസ്ഥിര വരുമാനമാർഗ്ഗത്തിലേക്കും നയിക്കുന്നതിന്റെ ഭാഗമായ് തയ്യൽ മെഷീനുകൾ, ഇരുചക്ര വഹാനങ്ങൾ, ലാപ്ടോപുകൾ, കാർഷീക ഉൽപ്പന്നങ്ങൾ, വാട്ടർ പ്യൂരിഫയർ തുടങ്ങിയ പദ്ധതികളും 50% സാമ്പത്തീക സഹായത്തോടെ ചെയ്തു വരുന്നു.

## 50% സാമ്പത്തിക സഹായത്തോടെ വാട്ടർ പ്യൂരിഫയർ വിതരണം




കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി(കിഡ്സ്)യും സന്നദ്ധ സംഘടനകളുടെ കൂട്ടായ്മയായ നാഷ്ണൽ എൻ.ജി.ഒ. കോൺഫെഡറേഷനും സംയുക്തമായി 50% വരെ സാമ്പത്തിക സഹായത്തോടെ വാട്ടർ പ്യൂരിഫയർ വിതരണം നടത്തി. 2024 ആഗസ്റ്റ് 17-ാം തിയിതി ശനിയാഴ്ച രാവിലെ 10 മണിക്ക് കോട്ടപ്പുറം കിഡ്സ് ക്യാമ്പസിൽ വെച്ച് നടത്തിയ യോഗത്തിൽ വാട്ടർ പ്യൂരിഫയറിന്റെ വിതരണോദ്ഘാടനം കോട്ടപ്പുറം രൂപത ചാൻസിലർ റവ. ഫാ. ഷാബു കുന്നത്തൂർ നിർവ്വഹിച്ചു.

## വിദ്യാർത്ഥികൾ വയനാടിനായി സംഭാവന നൽകി



വയനാട്ടിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്ക്കൂളിലെ സ്കൗട്ട്, ഗൈഡ്, കബ്ബ്, ബുൾ ബുൾ അംഗങ്ങൾ സമാഹരിച്ച തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. കുഴുപ്പിള്ളി വില്ലേജ് ഓഫീസർ പി.ജെ. ആന്റണിക്ക് പ്രധാന അധ്യാപകൻ സേവ്യർ പുതുശ്ശേരി തുക കൈമാറി.



*മകനേ, വിജ്ഞാനത്തിന്റെ വചനത്തിൽ നിന്ന് വ്യതിചലിക്കണമെന്നുണ്ടെങ്കിൽ മാത്രമേ പ്രബോധനം ചെവിക്കൊള്ളാതിരിക്കാവൂ.*

സുഭാഷിതങ്ങൾ 19 : 27

## ഏകദിന സ്വയം തൊഴിൽ പരിശീലന സെമിനാർ




കേന്ദ്ര സർക്കാരിന്റെ ഗ്രാമോദ്യോഗ് വികാസ് യോജന പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണ ക്ലാസ് കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കിഡ്സ് ക്യാമ്പസിൽ വച്ച് നടത്തപ്പെട്ടു. ഗ്രാമീണ മേഖലയിൽ തൊഴിലഹിതരായ യുവജനങ്ങൾക്ക് അവരുടെ വൈധക്യവും പരമ്പരാഗത സംരംഭകത്വവും മെച്ചപ്പെടുത്തുന്നതിനും സുസ്ഥിരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി കേന്ദ്രസർക്കാരിന്റെ എം.എസ്.എം.ഇ മന്ത്രാലയത്തിന് കീഴിൽ വരുന്ന പദ്ധതിയാണ് ഗ്രാമ ഉദ്യോഗ വികാസ് യോജന. കിഡ്സ് കോട്ടപ്പുറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ തോമസ് കളത്തിൽ അധ്യക്ഷത വഹിച്ച പരിപാടിയിൽ ശ്രീ. സി.ജി. ആണ്ടവർ (ഡെപ്യൂട്ടി ഡയറക്ടർ, കെ.വി.ഐ.സി) പരിപാടി ഉദ്ഘാടനം ചെയ്തു.

## “ BLAZE N' GLOW ” – രൂപത യൂത്ത് മീറ്റ്




കോട്ടപ്പുറം രൂപതയിലെ യുവജനങ്ങൾക്ക് ആഘോഷത്തിമിർപ്പിൽ ഈശോയെ നൽകി ആവേശമായി മാറി BLAZE N' GLOW എന്ന പ്രോഗ്രാം... രൂപതയുടെ ഹൃദയ ഭാഗമായ കൊടുങ്ങല്ലൂർ സെന്റ് തോമസ് തീർത്ഥാടന കേന്ദ്രത്തിൽ വെച്ച് നടത്തിയ പ്രോഗ്രാം ജീസസ് യൂത്തിന്റെ മ്യൂസിക് ബാൻഡ് ആയ downtown Desciples ആണ് നേതൃത്വം നൽകിയത്... കോട്ടപ്പുറം രൂപത മെത്രാൻ റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം നിർവഹിച്ച പരുപാടിക്ക് തുടക്കം നൽകി യുവജനങ്ങൾ അവതരിപ്പിച്ച ഫ്ളാഷ് മോബിൽ ആംബ്രോസ് പിതാവും വൈദീകരും ചുവടുവെച്ചത് വേറിട്ട അനുഭവമായി. രൂപത യുവജന സംഗമത്തിന് നേതൃതം നൽകിയത് റെക്ടർ ഫാ. ഫ്രാൻസിസ് താണിയത്ത്, രൂപത യൂത്ത് ഡയറക്ടർ ഫാ. നോയർ കുരിശിങ്കൽ, ഫാ. എബനേസർ ആന്റണി കെ.സി.വൈ.എം. സുഹൃത്തുക്കളും ചേർന്നായിരുന്നു. ഡാൻസും, പാട്ടും, ഗെയിംസും ആയി തുടങ്ങിയ പ്രോഗ്രാമിലൂടെ യുവജനങ്ങൾക്ക് ഈശോയെയും മാതാപിതാക്കളെയും സ്നേഹിക്കാനും ജീവിതം ഈശോയിൽ ആഘോഷമാക്കാനും പഠിപ്പിച്ചു. 340 കുട്ടികൾ പങ്കെടുത്ത പരുപാടിയിൽ കുട്ടികൾക്ക് ധൈര്യം നൽകി മുന്നോട്ടുവന്നു അവരുടെ കാഴ്ചപ്പാടുകളും ജീവിതാനുഭവങ്ങളും പങ്കുവെക്കാൻ അവസരം ലഭിച്ചു.



*വിജ്ഞാന രഹിതമായ ഉത്സാഹം ശ്രേയസ്കരമല്ല;*
*തിടുക്കം കൂട്ടുന്നവനു വഴി തെറ്റുന്നു.*

സുഭാഷിതങ്ങൾ 19 : 2

# കോട്ടപ്പുറം രൂപതയിലെ വിവിധ ഇടവകകളിൽ സാൻജോ മീറ്റ് നടത്തപ്പെട്ടു

കോട്ടപ്പുറം രൂപതയിലെ വിവിധ ഇടവകകളായ സെന്റ് സെബാസ്റ്റ്യൻ ദൈവാലയം (കോട്ടുവള്ളി), ജപമാല രാജ്ഞി ദൈവാലയം ദൈവാലയം (ചെറായി), സെന്റ് സെബാസറ്റ്യൻസ് ദൈവാലയം (പൊയ്യ), സെന്റ് മൈക്കിൾസ് കത്തീഡ്രൽ (കോട്ടപ്പുറം) എന്നിവിടങ്ങളിലാണ് ഓഗസ്റ്റ് മാസത്തിൽ ദമ്പതികൾക്കുവേണ്ടി നടത്തുന്ന ട്രെയിനിങ്ങ് പ്രോഗ്രം സാൻജോ മീറ്റ് നടത്തപ്പെട്ടത്. വികാരിമാരായ റവ. ഫാ. ജോസഫ് കുന്നത്തൂർ, റവ. ഫാ. ലിനു ചക്കാലക്കൽ, റവ. ഫ്രാൻസിസ്കോ പടമാടൻ, റവ. ഫാ. ജാക്സൻ വലിയപറമ്പിൽ എന്നിവർ ഓരോ ഇടവകകളിലും സാൻജോ മീറ്റ് ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ നിമേഷ് കാട്ടാശ്ശേരി സാൻജോ മീറ്റിനെക്കുറിച്ചുള്ള സന്ദേശം നൽകി. രൂപതയിൽ നിന്നുള്ള റിസോഴ്സ് ടീം ക്ലാസുകൾ നയിച്ചു. ഓരോ ഇടവകകളിലും സാൻജോ മീറ്റിൽ പങ്കെടുത്ത ദമ്പതിമാർ 'കപ്പിൾസ് ഷെയറിംഗ്' നടത്തി. നൂറിലധികം ദമ്പതിമാരുടെ സാന്നിധ്യം എല്ലാ ഇടവകകളിലും ഉണ്ടായിരുന്നത് സാൻജോമീറ്റിനെ കൂടുതൽ മനോഹരമാക്കി.











**കൂർക്കമറ്റം സെന്റ് ആന്റണീസ് ദേവാലയത്തിൽ ഊട്ടുതിരുന്നാൾ മാറ്റിവച്ചുകൊണ്ട് അതിന് സമാഹരിച്ചിരിക്കുന്നത് തിരുനാൾ കൺവീനർ അഭിവന്ദ്യ അംബ്രോസ് പിതാവിലൂടെ വയനാട് ദുരിതാശ്വാസ നിധിയിലേക്ക് കൈമാറുന്നു**



നീ വിവേകിയെങ്കിൽ പ്രയോജനം നിനക്കുതന്നെ;
നീ പരിഹസിച്ചാൽ അതു നീതന്നെ ഏൽക്കേണ്ടിവരും.
സുഭാഷിതങ്ങൾ 9 : 12

## ക്രിസ്തുവിന്റെ മുഖവുമായി ജപമാല രാജ്ഞി കെ.സി.വൈ.എം. യുവജനങ്ങൾ

ജപമാല രാജ്ഞി ദൈവാലയത്തിലെ യുവജനങ്ങൾ പാലിയം SMMI കോൺവെന്റിലെ അമ്മമാരോടൊപ്പവും, ഇളന്തിക്കര കോൺവെന്റിലെ കുഞ്ഞുകൂട്ടുകാരോടൊപ്പവും ഒരു ദിനം ചിലവഴിച്ചു. അവരോടൊപ്പം പാട്ട് പാടിയും, ഡാൻസ് കളിച്ചും കുറച്ചധികം നല്ല നിമിഷങ്ങൾ പങ്കിട്ടു. കെസിവൈഎം സംഘടനയുടെ നേതൃത്വത്തിൽ ജപമാല രാജ്ഞി ഇടവക യിലെ എല്ലാ കുടുംബങ്ങളിൽനിന്നുമായി ശേഖരിച്ച അവശ്യവസ്തുക്കൾ രണ്ട് സ്ഥലങ്ങളിലും ഇടവകയുടെ സമ്മാനമായി അവർക്ക് നൽകുകയും ചെയ്തു.



## രൂപതാതല സാമൂഹ്യ ശുശ്രൂഷ സമിതി സമ്മേളനം



കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി കിഡ്സിന്റെയും ബി.സി.സി.യുടെയും സംയുക്ത ആഭിമുഖ്യത്തിൽ 2024 ജൂലൈ 28-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് കോട്ടപ്പുറം കത്തീഡ്രൽ പള്ളി പാരിഷ് ഹാളിൽ വച്ച് രൂപതാതല സാമൂഹ്യ ശുശ്രൂഷ സമിതി സമ്മേളനം സംഘടിപ്പിച്ചു. കോട്ടപ്പുറം രൂപതയിലെ വിവിധ ഇടവകകളിലെ സാമൂഹ്യോന്മുഖമായ വിവിധങ്ങളായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായ് വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ കോട്ടപ്പുറം രൂപത വികാർ ജനറൽ വെരി റവ. മോൺ. റോക്കി റോബി കളത്തിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ കിഡ്സ് ഡയറക്ടർ ഫാ. പോൾ തോമസ് കളത്തിൽ അദ്ധ്യക്ഷനായിരുന്നു. യോഗത്തിൽ ബി.എ മ്യൂസിക്കിൽ സെക്കൻഡ് റാങ്ക് കരസ്ഥമാക്കിയ കുമാരി. ഡയാന എം. എസിനെ ആദരിച്ചു. തുടർന്ന് കോട്ടപ്പുറം രൂപത ബിഷപ്പ് റൈറ്റ്.റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിലിന്റെ കാർമികത്വത്തിൽ ദിവ്യബലി അർപ്പിച്ചു. ഉച്ചഭക്ഷണത്തോടുകൂടി മീറ്റിംഗ് സമാപിച്ചു. 500 ഓളം ആളുകൾ പരിപാടിയിൽ പങ്കെടുത്തു.



തൊടുപുഴയിൽ നടന്ന 49-ാമത് സംസ്ഥാന ജൂനിയർ ബാസ്ക്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം നേടിയ തൃശ്ശൂർ ജില്ല ടീം അംഗം **ജോൺ ഡാനിയലിനെ** അഭിനന്ദനങ്ങൾ. കുരിശിങ്കൽ ലൂർദ് മാതാ ഇടവക പടമാട്ടുമ്മൽ ഐബിയുടെയും സിനിയുടെയും മകനാണ്.


## സാന്താ ക്യുവ – 24 ക്വിസ്




കോട്ടപ്പുറം രൂപത സി.എൽ.സി യും, രൂപത മതബോധന വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച വിശുദ്ധ ഇഗ്നേഷ്യസ് ലയോള അനുസ്മരണവും സാന്താ ക്യുവ - 24 ക്വിസ് മത്സരവും രൂപത മതബോധന ഡയറക്ടർ ഫാ. സിജു വേലിക്കകത്തോട് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു. ഫാ. ലിനുപുത്തൻ ചക്കാലക്കൽ, ലൈനൽ ഡിക്രൂസ്, ഫാ. ബെന്നി ചിറമ്മൽ എസ് ജെ, ആന്റണി കോണത്ത്, സാജു തോമസ്, ഷീല ജോയ് എന്നിവർ സമീപം.

**കവിത**

# ബലി വേദിയിൽ...



**പ്രിൻസ് വലിയവീട്ടിൽ**
കുറുമ്പത്തുരുത്ത്

**അ**ൾത്താര മേശ തൻ വെള്ളവിരിപ്പിനും
അർച്ചന ചെയ്യുമാ കാസ പീലാസയ്ക്കും
ദിനമെന്നും നിൻ ചാരെ നിന്നീടുവാൻ.....
തിരുഹൃദയത്തിൽ ഇടമേകിയ നാഥാ....
(അൾത്താര....)
ആത്മീയ ഭോജനം ചേതനയായിന്ന്
അർപ്പിക്കും ബലിയിൽ പങ്കുചേരാൻ...
തിരു നിണത്താലെന്നെ കഴുകേണമേ
പൂർണ്ണമായ് എന്നേയും ചേർത്തിടേണേ....
(അൾത്താര....)
അതിരുകളില്ലാത്ത സ്നേഹമായെന്നും
പൂജിതമാകുമീ ബലിവേദിയിൽ...
നിന്നുയരും ധൂമത്തിൻ സുഗന്ധമെന്നിൽ
നിറയാനായ് എന്നേയുമനുഗ്രഹിക്കൂ.....
(അൾത്താര.....)



മാർഗനിർദേശ വൈഭവവും കാര്യശേഷിയും എനിക്കുണ്ട്;
അറിവും ശക്തിയും എന്റേതാണ്.
സുഭാഷിതങ്ങൾ 8 : 14

## വയനാട് ദുരിതാശ്വാസ ഫണ്ട്

| | |
|---|---|
| സെന്റ് സെബാസ്റ്റ്യൻ ചർച്ച് പൊയ്യ | 50,000 |
| സെന്റ് തോമസ് ചർച്ച്, തുരുത്തൂർ | 57,500 |
| നിത്യസഹായമാതാ ചർച്ച്, മണലിക്കാട് | 19,630 |
| പ്രസന്റേഷൻ കോളേജ്, മാനാഞ്ചേരിക്കുന്ന് | 50,000 |
| സെന്റ് പോൾസ് ചർച്ച്, മാനാഞ്ചേരിക്കുന്ന് | 75,000 |
| സാൻജോസ് ചാപ്പൽ മുളങ്കുന്നത്തുകാവ് | 13,265 |
| സെന്റ് ജോർജ് ചർച്ച്, മടപ്ലാതുരുത്ത് | 37,500 |
| ഫാ. വർഗീസ് കാട്ടാശ്ശേരി | 20,000 |
| ഫാ. ഡെന്നിസ് അവിട്ടംപിള്ളി | 15,000 |
| നിത്യസഹായമാതാ ചർച്ച്, കുരുവിലശ്ശേരി | 4,100 |
| മൗണ്ട് കാർമ്മൽ ചർച്ച്, കാര | 86,127 |
| ലിറ്റിൽ ഫ്ളവർ ചർച്ച്, കൂട്ടുകാട് | 66,270 |
| സെന്റ് ജൂഡ് ചർച്ച്, കുട്ടനെല്ലൂർ | 15,000 |
| സെന്റ് ജൂഡ് ചർച്ച്, മേത്തല | 10,530 |
| ജപമാലരാജ്ഞി ചർച്ച്, ചെറായി | 10,000 |
| സെന്റ് സെബാസ്റ്റ്യൻ ചർച്ച്, വലിയപണിക്കൻതുരുത്ത് | 500 |
| തിരുഹൃദയ ചർച്ച്, അരീപ്പാലം | 50,000 |
| സെന്റ് മൈക്കിൾ കത്തീഡ്രൽ കോട്ടപ്പുറം | 1,75,000 |
| സെന്റ് ആന്റണി ചർച്ച്, കുര്യാപ്പിള്ളി | 18,000 |
| ക്രിസ്തുരാജ ചർച്ച്, കൃഷ്ണൻകോട്ട | 14,068 |
| സെന്റ് ജോസഫ് ചർച്ച്, മതിലകം | 80,000 |
| സെന്റ് മേരി വിയാനി ചർച്ച്, കെടാമംഗലം | 1,000 |
| ഹോളി ക്രോസ്സ് ചർച്ച്, കടൽവാതുരുത്ത് | 34,000 |
| ലൂർദ്ദ് മാതാ ചർച്ച്, കുരിശിങ്കൽ | 75,000 |
| സെന്റ് ആന്റണി ചർച്ച്, കൂർക്കമറ്റം | 50,000 |
| സെന്റ് സേവ്യർ ചർച്ച്, കുഞ്ഞിത്തൈ | 67,580 |
| സെന്റ് സേവ്യർ ചർച്ച്, സമ്പാളൂർ | 77,500 |
| സൽബുദ്ധിമത ചർച്ച്, കീഴൂപ്പാടം | 40,000 |
| മേരി മാതാ ചർച്ച്, വെറ്റിലപ്പാറ | 5,000 |
| ഇൻഫന്റ് ജീസസ് ചർച്ച്, കടക്കര | 10,015 |
| സെന്റ് തോമസ് ചർച്ച്, കൊടുങ്ങല്ലൂർ | 40,000 |
| ഫാ. തോംസൺ | 15,000 |
| തിരുകുടുംബം ചർച്ച ചാലക്കുടി | 71,000 |
| സെന്റ് ജോസഫ് ചർച്ച്, മുട്ടിക്കൽ | 6,440 |
| സെന്റ് ആന്റണി ചർച്ച്, ചെറിയപ്പിള്ളി | 30,471 |
| ഡോ ബോസ്ക്കോ പറവൂർ | 1,94,590 |
| കൊത്തലെങ്കോ ചർച്ച്, പറവൂർ | 5,000 |
| ജപമാലരാജ്ഞി ചർച്ച്, തുരുത്തിപ്പുറം | 29,000 |
| സെന്റ് തോമസ് ചർച്ച്, അഴിക്കോട് | 50,000 |
| സെന്റ് വിൻസെന്റ് ഫെറർ ചർച്ച്, ചാത്തനാട് | 21,735 |
| സെന്റ് സെബാസ്റ്റ്യൻ ചർച്ച്, ഗോതുരുത്ത് | 1,70,000 |
| ഫാത്തിമ മാത ചർച്ച്, എറിയാട് | 10,000 |
| സാന്താ മരിയ സ്കൂൾ സ്നേഹാലയ കോൺവെന്റ് | 10,000 |
| ഫാ. ബോസ്കോ പടമാട്ടുമ്മൽ | 15,000 |
| തിരുഹൃദയ ചർച്ച്, തൃശൂർ | 1,00,000 |
| അമലോത്ഭവമാതാ ചർച്ച്, ചെറുവൈപ്പ് | 25,000 |
| തിരുഹൃദയ ചർച്ച്, പഴമ്പിള്ളിതുരുത്ത് | 23,000 |
| സെന്റ് ആന്റണി ചർച്ച്, മാളപള്ളിപ്പുറം | 90,906 |
| KCYM | 50,000 |
| KLCWA | 42,500 |
| സെന്റ് ജോസഫ് ചർച്ച്, കുറുമ്പത്തുരുത്ത് | 25,000 |
| നിത്യസഹായമാതാ ചർച്ച്, ചേന്ദമംഗലം | 16,000 |
| തിരുക്കുടുംബം ചർച്ച്, മുനമ്പം | 1,00,000 |
| സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കോട്ടുവള്ളി | 40,000 |

### ട്രിപ്പിൾ പിജിയുടെ മികവിൽ



മാളപള്ളിപ്പുറം സെന്റ് ആന്റണീസ് ഇടവകയിലെ **ശ്രീ. ആന്റണി ഗ്രിഗോറി ഇലഞ്ഞിക്കൽ** MA പൊളിറ്റിക്കൽ സയൻസിൽ A+ നേടി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും യൂണിവേഴ്സിറ്റി ടോപ് 2nd ആയി വിജയിച്ചിരിക്കുന്നു... ഇതോടെ കാലിക്കറ്റ് യൂണി വേഴ്സിറ്റി യിൽ നിന്നും മുൻപ് നേടിയ MA ഹിസ്റ്ററി, M.Ed നൊപ്പം MA പൊളിറ്റിക്കൽ സയൻസിൽ പിജി നേടി ട്രിപ്പിൾ പിജി തികച്ചിരുന്നു.



പിൻമൊഴി

# മങ്ങുന്ന, മായുന്ന നക്ഷത്രത്തിളക്കം



ഫാ. ജോസഫ് കുന്നത്തൂർ

**ആ**ധുനിക കാലഘട്ടത്തിൽ ലോകത്തെ ഏറ്റവുമധികം സ്വാധീനിച്ച കലാരൂപമാണ് സിനിമ. അഭ്രപാളികളിൽ സൃഷ്ടിക്കപ്പെടുന്ന മായിക പ്രപഞ്ചം മനുഷ്യമനസ്സിനെ അത്രമേൽ ആകർഷിക്കുകയും സ്വാധീനിക്കുകയും കീഴ്പ്പെടുത്തുകയും ചെയ്തു. താരപ്പകിട്ടുകൊണ്ട് ആകാശം നിറയെ തിളങ്ങി നിന്നിരുന്ന മലയാള ചലച്ചിത്രലോകം ഇന്ന് വല്ലാത്തൊരു പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. **പൊയ്മുഖങ്ങൾ അഴിഞ്ഞുവീഴുമ്പോൾ സിനിമാ ലോകത്തിന്റെ വികൃതമുഖം കണ്ട് ഞെട്ടിത്തരിച്ചിരിക്കുകയാണ് ആരാധകർ.** തട്ടിപ്പിന്റെയും വെട്ടിപ്പിന്റെയും ചതിയുടെയും വഞ്ചനയുടെയും പുരുഷമേധാവിത്വത്തിന്റെയും ലൈംഗിക ചൂഷണത്തിന്റെയും നൂറായിരം കഥകളാണ് അനുദിനം അനാവരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇപ്പോൾ വെളിപ്പെടുത്തപ്പെട്ടിട്ടുള്ളത് മഞ്ഞുമലയുടെ അഗ്രം മാത്രം. ജനം നക്ഷത്രത്തിളക്കമെന്ന് തെറ്റിദ്ധരിച്ചിരുന്ന സിനിമാലോകം വെറുമൊരു മാലിന്യകൂമ്പാരം മാത്രമാണെന്ന് തിരിച്ചറിയുമ്പോൾ ഉണ്ടാകുന്ന നിസ്സഹായത മാത്രമാണ് എങ്ങും പ്രകടമാകുന്നത്.

**സിനിമയിൽ പ്രവർത്തിക്കുന്ന വനിതാ കൂട്ടായ്മയായ WCC യുടെ ആവശ്യപ്രകാരം 2017 ൽ ഗവൺമെന്റ് നിയോഗിച്ച ഹേമ കമ്മറ്റിയുടെ റിപ്പോർട്ട് നാലു കൊല്ലക്കാലം പൂഴ്ത്തിവയ്ക്കപ്പെട്ടശേഷം ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട റിട്ട് പരിഗണിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ സർക്കാർ നിർബന്ധിതമാകുകയായിരുന്നു.** എന്നിട്ടും വ്യക്തി സ്വകാര്യതയുടെ മറപിടിച്ച് ഭാഗികമായി മാത്രം പുറത്തുവിട്ടു. തുടർന്നുണ്ടായ വെളിപ്പെടുത്തലുകളും വിമർശനങ്ങളും അമ്പരപ്പിക്കുന്നതായിരുന്നു. അതിന്റെ ആഘാതത്തിൽ മുഖ്യമന്ത്രിയുടെ തണലിൽ വിലസിയിരുന്ന ചലച്ചിത്ര അക്കാദമി ചെയർമാന്റെ തല തെറിച്ചു. തുടർന്ന് ചലച്ചിത്ര പ്രവർത്തകരുടെ കൂട്ടായ്മയായ AMMA യുടെ പുതിയ സെക്രട്ടറി നടൻ സിദ്ദിഖിന് രാജി വയ്ക്കേണ്ടിവന്നു. 'അമ്മ'-യുടെ പ്രസിഡന്റായി പ്രശോഭിച്ചിരുന്ന മോഹൻലാലും 17 കമ്മിറ്റി അംഗങ്ങളും രാജിവച്ചിരിക്കുകയാണ്. കലാപരമായ ഔന്നത്യത്തിലേക്കും ധാർമ്മികതയുടെ പുതിയ ചക്രവാളങ്ങളിലേക്കും പൊതുജനത്തെ കൈപിടിച്ചു നടത്തേണ്ടിയിരുന്ന ഒരു കലാപ്രപഞ്ചം പ്രവർത്തകരുടെ അവിവേകവും ബുദ്ധിശൂന്യതയും നിമിത്തം അധഃപതനത്തിന്റെ ആഴങ്ങളിൽ പതിച്ചിരിക്കുന്നു. പൊതുജനങ്ങളുടെ പണം കൊണ്ട് സമ്പന്നരായ സിനിമാ പ്രവർത്തകർ മറുപടി പറയുവാനും ബാധ്യസ്ഥരാണ്. ■



ഭോഷത്തം വെടിഞ്ഞു ജീവിക്കുവിൻ; അറിവിന്റെ പാതയിൽ സഞ്ചരിക്കുവിൻ.
സുഭാഷിതങ്ങൾ 9 : 6



തുരുത്തിപ്പുറം
വി. ഫ്രാൻസീസ് അസ്സീസി
ദൈവാലയത്തിൽ
വി. ഫ്രാൻസീസ് അസ്സീസിയുടെയും
പരിശുദ്ധ അമ്മയുടെയും
സംയുക്ത
തിരുനാൾ
2024
സെപ്റ്റം. 30 മുതൽ
ഒക്ടോബ. 6 വരെ
നവനാൾ ദിനങ്ങൾ : 2024 സെപ്റ്റംർ 21 മുതൽ 29 വരെ
ഇടവക നവീകരണ ധ്യാനം : 2024 സെപ്റ്റം. 25 മുതൽ 28 വരെ
വാഹന വെഞ്ചരിപ്പ് : 2024 സെപ്റ്റംബർ 29 ഞായർ


കൂട്ടുകാട്
ചെറുപുഷ്പം ദേവാലയത്തിൽ
വി. കൊച്ചുത്രേസ്യയുടെ
തിരുനാൾ
2024 ഒക്ടോബർ 2 മുതൽ 6 വരെ
നവനാൾ ദിനങ്ങൾ
2024 സെപ്റ്റംബർ 22–30 വരെ
ആരാധനദിനം
2024 ഒക്ടോബർ 1
തിരുനാൾദിനം
2024 ഒക്ടോബർ 6
2024 ഒക്ടോബർ 2 ബുധൻ
വൈകീട്ട് 5.00ന് :
കൊടികയറ്റം, ദിവ്യബലി
മുഖ്യകാർമ്മികൻ :
വെരി. റവ. മോൺ. റോക്കി റോബി കളത്തിൽ
(വികാരി ജനറൽ, കോട്ടപ്പുറം രൂപത)
2024 ഒക്ടോബർ 6 ഞായർ
രാവിലെ 9.30ന് :
തിരുനാൾ ദിവ്യബലി
മുഖ്യകാർമ്മികൻ :
റൈറ്റ് റവ. ഡോ. ആന്റണി വാലുങ്കൽ
(സഹായമെത്രാൻ, വരാപ്പുഴ അതിരൂപത)